VOL NO: 04 | ISSUE 42
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 OCTOBER 17 | 1442 SAFAR 30 | ₹12

വാരിക

## കേരളീയ യുക്തിവാദം: ചരിത്രം, വർത്തമാനം, ധാർമികത

ജാതീയതക്കെതിരെയുള്ള ശക്തമായ ചുവടുവയ്പുകളുമായാണ് കേരളത്തിൽ യുക്തിവാദപ്രസ്ഥാനം കാലുറപ്പിക്കുന്നത്. എന്നാൽ അന്ധമായ മതവിമർശനങ്ങളും ധാർമികത തൊട്ടുതീണ്ടാത്ത നിലപാടുകളുമായി യുക്തിവാദവും അതിന്റെ താത്ത്വിക സംഘടനകളും മലയാളിമനസ്സിൽനിന്ന് നീക്കം ചെയ്യപ്പെട്ടുകഴിഞ്ഞു. സാമൂഹിക പരിവർത്തന വീഥിയിൽ എവിടെയാണ് അവർക്ക് പിഴച്ചത്? ചരിത്രപരമായ അവലോകനം.



- ശിയാക്കളും ക്വുർആനും
- 'ബുദ്ധിജീവികൾ' ഏറിവരികയാണ്!
- വിവരമില്ലാത്ത ഭക്തരും തന്നിഷ്ടക്കാരായ പണ്ഡിതരും


## ഓപ്പൺ യൂണിവേഴ്സിറ്റിയും ഓപ്പൺ വർഗീയതയും

ശ്രീനാരായണഗുരുവിന്റെ പേരിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റിയിലേക്ക് നിയമിതനായ വി.സിയുടെ മതത്തെച്ചൊല്ലി വർഗീയ പരാമർശവുമായി വന്നിരിക്കുകയാണ് കേരളത്തിലെ ഒരു തലമുതിർന്ന സാമുദായിക നേതാവ്. സ്പർദ്ദ വളർത്തുന്ന വ്യക്തികളെ നിലക്കു നിർത്തിയില്ലെങ്കിൽ രാജ്യം കുട്ടിച്ചോറാകുമെന്ന കാര്യത്തിൽ സംശയമില്ല.


peaceradio
Tune to reality
അന്നൂർ
ക്വുർആൻ പഠന പദ്ധതി
മൊഡ്യൂൾ-5
അവതരണം:
അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി
പീസ് റേഡിയോ
കോഴ്സുകൾ
നിങ്ങൾ
കേട്ടു തുടങ്ങിയോ..?
peaceradio
SCHEDULE
LIVE
REWIND
annoor
QURAN LEARNING PROGRAMME
തിങ്കൾ, ബുധൻ, വെള്ളി
10:00 PM
PLAY
peaceradio
SCHEDULE
LIVE
REWIND
LIFE
peaceradio
CERTIFICATION
PROGRAM
ചൊവ്വ, വ്യാഴം
ദിവസങ്ങളിൽ
10:00 PM
ഇന്ത്യൻ സമയം
PLAY
LIFE
peaceradio
CERTIFICATION
PROGRAM
രോഗം - മരണം -
മരണാനന്തര കർമങ്ങൾ
അവതരണം:
മുഹമ്മദ് സാദിഖ് മദീനി
പീസ് റേഡിയോ
നിങ്ങളുടെ ഫോണിൽ ലഭിക്കാൻ
GET IT ON Google Play
Available on the App Store
Radioforpeace
YouTube peaceradio
www.peaceradio.com
Email : hello@peaceradio.com
9020 840 840

നേർപഥം
വാരിക

0196 / 2020 ഒക്ടോബർ 17 / 1442 സഫർ 30 / പുസ്തകം 04 / ലക്കം 42



# കേരളീയ യുക്തിവാദം
## ചരിത്രം, വർത്തമാനം, ധാർമികത

അലി ചെമ്മാട്


**മുഖമൊഴി**

വിവരമില്ലാത്ത ഭക്തരും
തന്നിഷ്ടക്കാരായ പണ്ഡിതരും / 05

**ലേഖനം**

മിതത്വം / 07
അബ്ദുൽ ജബ്ബാർ മദീനി

പരിശുദ്ധ ക്വുർആനിലെ
ഉപമാലങ്കാരങ്ങളിലൂടെ / 18
ഡോ: ഹാഫിസ് ജലാലുൽഹഖ് സലഫി, ആമയൂർ

നമസ്കാരം: ചില ചിന്തകൾ / 22
റഫീക്ക് കൊടുവായൂർ

ആരാണ് ശിയാക്കൾ? / 29
നൂറുദ്ദീൻ സ്വലാഹി

**ജാലകം**

'ബുദ്ധിജീവികൾ' ഏറിവരികയാണ്! / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ക്വുർആൻ ദർശനം**

മുംതഹിന (പരീക്ഷിക്കപ്പെടേണ്ടവൾ) / 16
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ബാലപഥം**

അബ്ദുർറഹ്മാനുബ്നു ഔഫ് (റ) / 26
ഉസ്മാൻ പാലക്കാഴി

**നമുക്ക് ചുറ്റും**

ഓപ്പൺ യൂണിവേഴ്സിറ്റിയും
ഓപ്പൺ വർഗീയതയും / 34
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര


Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




### അധാർമികത: പരിഹാരമെന്ത്?

വിവരസാങ്കേതികവിദ്യയുടെ ഉത്തുംഗതയിലെത്തിയ ലോകം നേട്ടങ്ങളുടെ അനന്ത വിസ്ഫോടനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇരുകാലിൽ മണ്ണിൽ നടക്കുന്ന മനുഷ്യന്റെ കരസ്പർശങ്ങൾ വിണ്ണിലേക്കും പരന്നിരിക്കുന്നു. സാങ്കേതികത്വം കൊണ്ട് നേട്ടങ്ങളുടെ ഗിരിശൃംഗമേറുമ്പോഴും സംസ്കാരത്തിൽ മൃഗസമാനരായി മനുഷ്യർ മാറുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വിദ്യ പകർന്നുനൽകേണ്ട ഗുരുവര്യർ മനവും മാനവും തിരിച്ചറിയാനാവാത്ത ശിഷ്യഗണങ്ങളുടെ മാനം പിച്ചിച്ചീന്തുന്ന വാർത്തകൾ നിത്യസംഭവങ്ങളായി മാറുന്നു. അശരണർക്ക് ആശ്രയമാകേണ്ടവരും നിരാലംബർക്ക് അവലംബമാകേണ്ടവരും കുറ്റകൃത്യങ്ങളിൽനിന്നും മുക്തരല്ല. നല്ല നാളെയുടെ വാഗ്ദാനങ്ങളെ വാർത്തെടുക്കേണ്ട കലാലയ മുറ്റങ്ങൾ ഇന്ന് അധാർമികതയുടെ വിളനിലങ്ങളാണ്. കൊലപാതകങ്ങളും പീഡനങ്ങളും കുത്തഴിഞ്ഞ ലൈംഗികതയും ലഹരിമരുന്നുപയോഗവും ഇന്ന് മിക്ക കലാലയങ്ങളിലും സർവസാധാരണമായിരിക്കുന്നു. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർക്കിടയിലും അനാരോഗ്യകരമായ പ്രവണതകൾ കാണുവാൻ സാധിക്കുന്നു. എല്ലാവരെയും അടച്ച് ആക്ഷേപിക്കുകയല്ല; അങ്ങനെ ചെയ്യുന്നവരെ മാത്രമാണ് ഉദ്ദേശിക്കുന്നത്.

ഭൗതിക വിജ്ഞാനത്തിന്റെ വർധനവ് അധാർമികതയ്ക്ക് പരിഹാരമല്ല എന്ന് വർത്തമാനകാല വാർത്തകൾ നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. പിന്നെ എന്തുണ്ട് പരിഹാരമാർഗമായി?

ആറാം നൂറ്റാണ്ടിൽ അറേബ്യയിൽ ജീവിച്ചിരുന്ന അധമസമൂഹത്തെ ഉത്തമ സമൂഹമാക്കി മാറ്റി ലോകർക്ക് മാതൃകയാക്കിത്തീർത്ത ഒരു പരിഹാര മാർഗമുണ്ട്. അറേബ്യയിൽനിന്നു തുടങ്ങി, ലോകത്തിന്റെ നാനാഭാഗങ്ങളിൽ ധാർമികതയുടെ വെളിച്ചം വിതറിയ, വിജ്ഞാനത്തിന്റെ ഗോപുരങ്ങളിലേക്ക് അനേകം രാജ്യങ്ങളെ കൈപിടിച്ചുയർത്തിയ ഒരേയൊരു പരിഹാര മാർഗം. ഉറയിൽനിന്ന് പുറത്തെടുത്ത വാൾ രക്തം പുരളാതെ തിരിച്ചിടാൻ മടിച്ചവരെ മനുഷ്യരക്തം പവിത്രമാണെന്ന് ബോധ്യപ്പെടുത്തിയ വിജ്ഞാനം, പിറന്നുവീണത് പെൺകുഞ്ഞായതിനാൽ അപമാനബോധത്താൽ അവളെ ജീവനോടെ കുഴിച്ചു മൂടിയവർക്ക് പെൺകുഞ്ഞ് സൗഭാഗ്യമാണെന്ന തിരിച്ചറിവ് നൽകിയ സൻമാർഗം, മദ്യക്കോപ്പയിൽ വീണു ചത്ത ഈച്ചയെ നോക്കി 'നീയെന്ത് ഭാഗ്യവാൻ' എന്ന് കവിത ചൊല്ലിയവരെ മദ്യം കാണുന്നതേ അലർജിയുള്ളവരാക്കി മാറ്റിയ, എണ്ണമറ്റ സ്ത്രീകളുമായി ശയിക്കുന്നതിൽ ലജ്ജയില്ലാതിരുന്നവരെ ലൈംഗികവിശുദ്ധി പാലിക്കുന്നവരാക്കി മാറ്റിയ ദൈവിക മാർഗദർശനം; അഥവാ ഇസ്‌ലാമികദർശനമാണ് ആ പരിഹാര മാർഗം.

അതെ, ഇരുണ്ട യുഗമെന്ന് ചരിത്രത്തിൽ കുപ്രസിദ്ധിയാർജിച്ച സമൂഹത്തിൽ ഭൂജാതനായ അന്തിമദൂതനിലൂടെ പൂർത്തീകരിക്കപ്പെട്ട ഏകദൈവത്തിന്റെ ഏകമതത്തിന്റെ അധ്യാപനങ്ങൾക്ക് മാത്രമെ തിന്മയിൽ അരങ്ങുതകർക്കുന്ന ജനപഥത്തെ നേർവഴിയിലേക്ക് നയിക്കാൻ സാധ്യമാകൂ. ലോകാവസാനം വരെയുള്ളവർക്ക് മാർഗദർശനമായി അവതരിക്കപ്പെട്ട ക്വുർആൻ, സമൂഹത്തെ നേർപഥത്തിലേക്ക് വഴിനടത്തുകയും സൽകർമങ്ങൾക്ക് അനൽപമായ പ്രതിഫലം ലഭിക്കുമെന്ന വാഗ്ദാനം നൽകുകയും ചെയ്യുന്നു: "തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (ക്വുർആൻ: 17:9).

**-മുഹമ്മദ് സഫീർ അൽഹികമി**

### ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

> “വിവരമില്ലാത്ത ഭക്തരും തന്നിഷ്ടക്കാരായ പണ്ഡിതരും”

ഇഹലോകത്തിലെ സുഖഭോഗങ്ങളോട് അങ്ങേയറ്റം പ്രതിപത്തി പുലർത്തുകയും അതിന് പ്രാമുഖ്യം നൽകുകയും ചെയ്യുന്നവരായി പണ്ഡിതന്മാർ മാറിയാൽ ദൈവത്തിന്റെ പേരിൽ കള്ളം പറയാനും തന്നിഷ്ടപ്രകാരം മതവിധികൾ നൽകാനും അവർ മടികാണിക്കില്ല എന്നതിൽ സംശയമില്ല. കാരണം അവരുടെ ഏകലക്ഷ്യം ഭൗതിക വിഭവങ്ങളാണ്. അത് ലഭിക്കുവാൻ ഏതുവഴിയും സ്വീകരിക്കുവാൻ അവർ തയ്യാറായിരിക്കും. ജനങ്ങൾക്ക് ഇഷ്ടമുള്ള കാര്യങ്ങൾ മാത്രം പറഞ്ഞും അവരുടെ ഇച്ഛകൾക്കനുസരിച്ച് മതവിധികൾ നൽകിയും അവരുടെ ഇഷ്ടം പിടിച്ചുപറ്റാനും അതിലൂടെ സാമ്പത്തികമായി അവരെ ചൂഷണം ചെയ്യാനും ഈ പണ്ഡിതന്മാർ ശ്രമിച്ചുകൊണ്ടേയിരിക്കും.

പണ്ഡിതന്മാരും നേതാക്കളും സ്ഥാനമാനങ്ങളും നേതൃത്വവും കൊതിക്കുന്നവരും ദേഹേച്ഛകളെ പിൻപറ്റുന്നവരുമാണെങ്കിൽ സത്യത്തിനെതിരായി നിലകൊള്ളാനേ അവർക്ക് കഴിയൂ. വ്യക്തമായ പ്രമാണവചനങ്ങളെ പോലും ദുർവ്യാഖ്യാനിച്ച്അതിനെതിരായി വിധിപറയാൻ അവർ തയ്യാറാകും.

തന്നിഷ്ടങ്ങളെ പിന്തുടരുന്നവർ ദുർമാർഗികളാണെന്നും അതിന്റെ തിക്തഫലം അവർ അനുഭവിക്കുമെന്നും അല്ലാഹു അറിയിച്ചിട്ടുണ്ട്: “എന്നിട്ട് അവർക്കുശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം ദുർമാർഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതാണ്” (ക്വുർആൻ 19:59).

ഇഹലോകത്തിൽ ഭ്രമിച്ചവരും നേതൃസ്ഥാനം വഹിക്കുവാൻ ഏതറ്റംവരെ പോകാൻ തയ്യാറുള്ളവരും ഇച്ഛകളെ പിൻപറ്റുന്നവരുമായ പണ്ഡിതന്മാർ എക്കാലത്തും സമൂഹത്തിന് ശാപമാണ്. തന്നിഷ്ടത്തെ പിന്തുടർന്ന ഒരു പണ്ഡിതനെ അല്ലാഹു വിശേഷിപ്പിക്കുന്നത് കാണുക:

“നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ നൽകിയിട്ട് അതിൽ നിന്ന് ഊരിച്ചാടുകയും, അങ്ങനെ പിശാച് പിന്നാലെ കൂടുകയും, എന്നിട്ട് ദുർമാർഗികളുടെ കൂട്ടത്തിലാവുകയും ചെയ്ത ഒരുവന്റെ വൃത്താന്തം നീ അവർക്ക് വായിച്ചുകേൾപിച്ചുകൊടുക്കുക. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവ (ദൃഷ്ടാന്തങ്ങൾ) മൂലം അവന്ന് ഉയർച്ച നൽകുമായിരുന്നു. പക്ഷേ, അവൻ ഭൂമിയലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിൻപറ്റുകയുമാണ് ചെയ്തത്. അപ്പോൾ അവന്റെ ഉപമ ഒരു നായയുടേത് പോലെയാകുന്നു. നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളിയവരുടെ ഉപമ...” (ക്വുർആൻ 7:176,175).

മതത്തെക്കുറിച്ച് കാര്യമായ വിവരമൊന്നുമില്ലാത്ത ചില ഭക്തൻമാരുണ്ട്. എന്നാൽ സ്വന്തം അറിവില്ലായ്മ അംഗീകരിക്കാൻ അവർ തയ്യാറാകില്ല. എന്നു മാത്രമല്ല വലിയ വിവരമുള്ളവരും ഭക്തരുമാണെന്ന ഭാവവും അവരിൽ കാണാം. പലപ്പോഴും സ്ഥിരപ്പെട്ട പ്രവാചകചര്യകളിൽ പലതിനെയും പുത്തനാചാരമായും പുത്തനാചാരങ്ങളെ പ്രവാചകചര്യകളായും ഇത്തരക്കാർ പരിഗണിക്കുന്നത് കാണാനാവും. സൃഷ്ടികളോട് പ്രാർഥിക്കുന്നതിൽ ഇവർ തെറ്റുകാണില്ല. അതിനെ എതിർക്കുന്നവരെ പിഴച്ചവരായി മുദ്രകുത്തുകയും ചെയ്യും. ഇക്കൂട്ടർ തങ്ങൾ അംഗീകരിക്കുന്ന പണ്ഡിതന്മാർ എന്തുപറഞ്ഞാലും അത് അന്ധമായി പിൻപറ്റാൻ തയ്യാറുള്ളവരുമായിരിക്കും. ക്വുർആൻ സൂക്തങ്ങളുടെയോ പ്രാർഥനകളുടെയോ അർഥമറിയാത്തതിനാൽ ചിന്തയുടെ വാതായനങ്ങൾ തുറക്കാൻ ഇവർക്കു കഴിയില്ല. തന്നിഷ്ടക്കാരായ പണ്ഡിതൻമാരുടെ പിൻബലം ഇത്തരം ആളുകളാണെന്ന് കാണാനാവും.

“നമ്മെ കണ്ടുമുട്ടും എന്ന് പ്രതീക്ഷിക്കാത്തവരും, ഇഹലോകജീവിതം കൊണ്ട് തൃപ്തിപ്പെടുകയും അതിൽ സമാധാനമടയുകയും ചെയ്തവരും, നമ്മുടെ തെളിവുകളെപ്പറ്റി അശ്രദ്ധരായി കഴിയുന്നവരും ആരോ; അവരുടെ സങ്കേതം നരകം തന്നെയാകുന്നു...” (ക്വുർആൻ 10:7,8).

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# 'ബുദ്ധിജീവികൾ' ഏറിവരികയാണ്!

അദൃശ്യകാര്യങ്ങളിൽ (ഗൈബ്) വിശ്വസിക്കുക എന്നതും, നബിﷺ ഒരു കാര്യം കൽപിച്ചിട്ടുണ്ട് എന്ന് ബോധ്യമായാൽ പിന്നീട് മറ്റൊന്നും ചിന്തിക്കാതെ അത് അപ്പടി അംഗീകരിക്കുക എന്നതും വിശ്വാസത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ പെട്ടതാണ്. നബിﷺയുടെ നടപടികൾ ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിലേ ഉണ്ടാകു എന്നതിനാൽ അത് അംഗീകരിക്കാൻ പരിമിതമായ ജ്ഞാനം മാത്രമുള്ള മനുഷ്യൻ ബാധ്യസ്ഥനാണ്. ലോകത്തിന്നു പൂട്ടിട്ടു വിറപ്പിച്ച ഒരു സൂക്ഷ്മജീവിയെ പിടിച്ചുകെട്ടാൻ വഴികാണാതെ അനേകലക്ഷങ്ങളെ കുരുതികൊടുക്കേണ്ടിവന്ന ഇക്കാലത്ത് മനുഷ്യജ്ഞാനത്തിന്റെ പരിമിതിയെ കുറിച്ച് അധികം പറയേണ്ടതില്ല.

മനുഷ്യജ്ഞാനത്തിന്റെ ഈ പരിമിതി സ്വയം ബോധ്യപ്പെടുവാനും അല്ലാഹുവാണ് സർവശക്തനെന്ന് ഉറപ്പുവരുത്താനും വേണ്ടിയാണ് ക്വുർആൻ ബുദ്ധി ഉപയോഗിക്കാനാവശ്യപ്പെടുന്നത്. 'നിങ്ങൾ ചിന്തിക്കുന്നില്ലേ?,' 'ബുദ്ധിയുള്ളവർക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്!' എന്നിങ്ങനെ ബുദ്ധിയെ പ്രോത്സാഹിപ്പിക്കുകയും പുകഴ്ത്തുകയും ചെയ്തത് ദൈവിക ദൃഷ്ടാന്തങ്ങളെപ്പറ്റി ചിന്തിച്ച് ബോധ്യപ്പെടാനാണ്. ക്വുർആൻ ചിന്തിക്കാത്ത മനുഷ്യരെ മാടുകളോടുപമിച്ചതും, വിഡ്ഢികളെന്ന് വിശേഷിപ്പിച്ചതും ഈ അർഥത്തിലാണ്. മത നിയമങ്ങളെ ബുദ്ധിപരമായി സമീപിക്കണമെന്ന് എക്കാലത്തും പരിഷ്കർത്താക്കൾ ആഹ്വാനം ചെയ്തത് പ്രമാണങ്ങളെ ചോദ്യം ചെയ്യാതെ അംഗീകരിക്കലാണ് ബുദ്ധി എന്ന അർഥത്തിലാണ്. അഥവാ അന്ധമായ അനുകരണങ്ങളും പ്രമാണങ്ങളെ പിൻപറ്റാത്ത സമീപനങ്ങളും ഒഴിവാക്കണമെന്നാണ് പരിഷ്കർത്താക്കൾ പറഞ്ഞത്. ആ അർഥത്തിലാണ് ഇസ്‌ലാമിൽ ബുദ്ധിക്ക് പ്രാധാന്യമുള്ളത്.

എന്നാൽ, ഇസ്‌ലാമിൽ ബുദ്ധിയുടെ സ്ഥാനം ഈ നിലയ്ക്ക് ഗ്രഹിക്കാതെ മതനിയമങ്ങളെ തങ്ങളുടെ പരിമിതമായ ബുദ്ധിക്കനുസരിച്ച് വ്യാഖ്യാനിക്കുന്ന പ്രവണത എക്കാലത്തും ഉണ്ടായിരുന്നു. കേവല ബുദ്ധിയെ ആധാരമാക്കുന്ന ഈ പ്രവണത ഗ്രീക്ക് ഫിലോസഫിയിൽനിന്നു ഉദ്ഭവിച്ച് കാലഘട്ടങ്ങളിലൂടെ ഇസ്‌ലാമിക ശരീഅത്തിനെ മനസ്സിലാക്കുന്നതിലേക്കുവരെ കയറിക്കൂടിയിട്ടുണ്ട്.

യുക്തിവാദികൾ എന്തുകരുതുമെന്ന് പേടിച്ച് പ്രമാണങ്ങളെ വളച്ചൊടിക്കുക, ഇസ്‌ലാം ബുദ്ധിയുടെ മതമാണെന്ന വസ്തുതയെ മറയാക്കി ക്വുർആനിനെയും ഹദീഥുകളെയും ദുർവ്യാഖ്യാനിക്കുക, ഹദീഥുകളെ നിഷേധിക്കുക, മതം നിരോധിച്ച പലതും പരിഷ്കാരത്തിന്നു വേണ്ടി തള്ളുക തുടങ്ങിയ പ്രവണതകൾ ഏറിവരികയാണിക്കാലത്ത്, നാം സൂക്ഷിക്കണം.

ഇസ്‌ലാം ഒരു കാര്യം നിരോധിച്ചിട്ടുണ്ടെങ്കിൽ (ലഹരിപദാർഥങ്ങൾ, മ്യൂസിക് എന്നിവ ഉദാഹരണം) അതിന്റെ യുക്തിയും ന്യായവും മനുഷ്യന്റെ പരിമിത യുക്തിക്ക് അളക്കാൻ കഴിയില്ല. കൽപനകളുടെ കാര്യവും അതുതന്നെ. ആ ന്യായവും യുക്തിയും കണ്ടെത്തി ഇസ്‌ലാമിക നിയമങ്ങളുടെ ദൈവികത സ്ഥാപിക്കാനാണ് ബുദ്ധി ഉപയോഗിക്കേണ്ടത്. മുഅ്ജിസത്തുകൾ (നബിമാരുടെ അമാനുഷികത) ദുർവ്യാഖ്യാനിക്കുന്നതും സ്വഹീഹായ ഹദീഥുകൾ നിഷേധിക്കുന്നതും ബുദ്ധിയല്ല; അജ്ഞതയും ദൗർബല്യവുമാണ്.

മതത്തിൽ സ്ഥിരപ്പെട്ട ഒരു വസ്തുത ബുദ്ധിക്ക് നിരക്കുന്നില്ലെന്ന് പറഞ്ഞു തള്ളുന്നതും സ്ഥിരപ്പെടാത്ത ഒരു അന്ധവിശ്വാസത്തിന്ന് പ്രാമാണികത വരുത്താൻ ദുർവ്യാഖ്യാനിക്കുന്നതും ഒരുപോലെയാണ്. പൗരോഹിത്യത്തിന്റെ രണ്ടുമുഖം മാത്രം. ചിലയാളുകളെ മഹത്ത്വവൽകരിക്കാൻ വേണ്ടി സ്വപ്നകഥകൾ മെനയുന്നതും, അവരുടെ വിസർജ്യങ്ങൾ വരെ ശുദ്ധമാണെന്ന് തട്ടിവിടുന്നതും, ഇസ്‌ലാമിന്ന് രാഷ്ട്രീയ വ്യാഖ്യാനം നൽകി ഹറാമും ഹലാലും കാലത്തിന്നനുസരിച്ച് മാറ്റിപ്പറയുന്നതും തുടങ്ങി പലരും അബദ്ധത്തിൽ അകപ്പെട്ടത് ബുദ്ധിക്ക് പ്രമാണത്തെക്കാൾ വിലകൽപിച്ചതുകൊണ്ടാണ്.

അതൊക്കെ വെറും കസർത്തുകൾ മാത്രമാണെന്ന് കാലം തെളിയിക്കും. എന്നാൽ പ്രമാണബദ്ധമായ നിലപാട് എന്നും അവശേഷിക്കുകയും ചെയ്യും. താൽക്കാലികമായ നേട്ടങ്ങൾക്കു വേണ്ടി യാഥാർഥ്യങ്ങളെ വളച്ചൊടിക്കുന്നവർക്ക് കാലം തിരിച്ചടി കൊടുക്കുന്നത് ചരിത്രത്തിൽ പുതുമയൊന്നുമല്ല. പരമസത്യമാണ് പ്രമാണം.

"അതിന്റെ മുന്നിൽകൂടിയോ പിന്നിൽകൂടിയോ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതാണത്രെ അത്" (ക്വുർആൻ 41:42).



അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം

# മിതത്വം

ഒരു മുസ്‌ലിമിൽ തീവ്രമായ യാതൊരുവിധ സമീപനവും പാടുള്ളതല്ല. ആരാധനാകാര്യങ്ങളിലായാലും ഇടപാടുകളിലായാലും ഇടപഴക്കങ്ങളിലായാലും മിതത്വം അവന്റെ മുഖമുദ്രയാണ്. ഏതുവിധത്തിലുള്ള തീവ്രനിലപാടുകൾക്കും ശുഷ്‌ക സമീപനങ്ങൾക്കും മധ്യെ നിലകൊള്ളുവാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മുസ്‌ലിം സമുദായത്തിന്റെ സവിശേഷ ഗുണം അല്ലാഹു അറിയിക്കുന്നത് ഇപ്രകാരമാണ്:

"അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി..." (ക്വുർആൻ 2:143).

ദിനേന ആവർത്തിച്ചുള്ള നമസ്‌കാരങ്ങളിൽ അനിവാര്യമായും പ്രാർഥിക്കുവാൻ നാം പഠിപ്പിക്കപ്പെട്ട ഈ പ്രാർഥനാവചനം മിതത്വവും മധ്യമനിലപാടും നമ്മെ പഠിപ്പിക്കുന്നു:

"ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല" (ക്വുർആൻ1:6,7).

ഇതിൽ പരാമർശിക്കപ്പെട്ട കോപത്തിനിരയായവർ സത്യം അറിഞ്ഞിട്ടും അതിനെ അവഗണിച്ചവരാണ്. പിഴച്ചുപോയവരാകട്ടെ സത്യം അറിയാതെ സത്യവഴിതെറ്റി ജീവിച്ചവരാണ്. സത്യം അറിഞ്ഞ് അതു കർമപഥത്തിൽ തെളിയിച്ചവരാണ് മധ്യമ നിലപാടുകാർ. അവരാണ് അനുഗൃഹീതർ. നബിമാർ, സ്വിദ്ദീഖുകൾ (സത്യസന്ധന്മാർ), ശുഹദാഅ് (രക്തസാക്ഷികൾ), സ്വാലിഹുകൾ (സൽകർമകാരികൾ) എന്നിവരുടെ രീതിയും മാർഗവുമാണത്. പ്രസ്തുത വഴി നമുക്ക് കനിയുവാൻ കൂടിയാണ് നാം അല്ലാഹുവോട് തേടുന്നത്.

വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്ന മറ്റൊരു പ്രാർഥനാവചനവും മിതത്വത്തിന്റെ മറ്റൊരു ചിത്രം നമുക്കു നൽകുന്നു:

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്തിൽ നന്മ നൽകേണമേ, പരലോകത്തിലും നന്മ നൽകേണമേ, നരകശിക്ഷയിൽനിന്ന് നീ ഞങ്ങളെ കാക്കേണമേ" (ക്വുർആൻ 2:201).

ഇതിലൂടെ ഭൗതികലോകത്തെ നന്മയും പരലോകത്തെ നന്മയും ലഭിക്കുവാൻ യാചിക്കുകയാണ്. പരലോകത്തിനുവേണ്ടി ഇഹലോകത്തെ അവഗണിക്കുന്നില്ല. ഇഹലോകത്തിനുവേണ്ടി പാരത്രിക നന്മ വിസ്മരിക്കുന്നുമില്ല. മധ്യമ നിലപാടും രീതിയും ഇതിലൂടെ പഠിപ്പിക്കപ്പെടുന്നു. പ്രസ്തുത പ്രാർഥന തിരുനബിﷺ ഏറ്റവും കൂടുതൽ നിർവഹിച്ചിരുന്നതായി ഇമാം ബുഖാരി നിവേദനം ചെയ്തിട്ടുണ്ട്.

ഇബാദുർറഹ്മാൻ അഥവാ പരമകാരുണികന്റെ ദാസന്മാർ; അവർക്കുള്ള മഹത്വത്താലും ശ്രേഷ്ഠതയാലുമാണ് അവരെ അല്ലാഹു തന്നിലേക്ക് ചേർത്തുവിളിച്ചത്. അല്ലാഹുവിൽനിന്നുള്ള പ്രത്യേകമായ കാരുണ്യകടാക്ഷത്തിനു പാത്രീഭൂതരായ വിശിഷ്ടരായ ദാസന്മാരാണവർ. അവരുടെ വിശേഷണങ്ങളെ വിശുദ്ധ ക്വുർആൻ വിവരിക്കുന്നത് കാണുക:

"ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായമാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ" (ക്വുർആൻ 25:67).

മധ്യമ നിലപാടിൽനിന്നും മിതത്വ രീതിയിൽനിന്നും തെറ്റി തീവ്രതയിലേക്കു കാലുകുത്തിയ വേദക്കാരെ അല്ലാഹു വിലക്കിയത് വിശുദ്ധ ക്വുർആനിൽ നാം വായിക്കുന്നു:

"വേദക്കാരേ, നിങ്ങൾ മതത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്" (ക്വുർആൻ 4:171).

"പറയുക: വേദക്കാരേ, സത്യത്തിനെതിരായിക്കൊണ്ട് നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരു കവിയരുത്" (ക്വുർആൻ 5:77).

തിരുനബിﷺയും ഇത്തരക്കാരെ അനുസ്മരിച്ചു. തീവ്രത അവരെ നശിപ്പിച്ചു എന്ന് മുന്നറിയിപ്പു നൽകി.

"ജനങ്ങളേ, മതത്തിൽ തീവ്രതയുണ്ടാക്കുന്നത് നിങ്ങൾ സൂക്ഷിക്കുക. മതത്തിലുള്ള തീവ്രതയാണ് നിങ്ങളുടെ മുമ്പുള്ളവരെ നശിപ്പിച്ചത്" (സുനനു ഇബ്നിമാജ, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ശിക്ഷാനടപടികൾ സ്വീകരിക്കുന്ന വിഷയത്തിൽ പോലും ഇസ്‌ലാം മധ്യമനിലപാട് പഠിപ്പിച്ചു. ശിക്ഷാനടപടി സ്വീകരിക്കുമ്പോൾ തുല്യത്തിന് തുല്യം എന്നതാണ് ഇസ്‌ലാമിക നിലപാട്. അല്ലാഹു പറഞ്ഞു:

"നിങ്ങൾ ശിക്ഷാനടപടി സ്വീകരിക്കുകയാണെങ്കിൽ (എതിരാളികളിൽനിന്ന്) നിങ്ങളുടെ നേരെയുണ്ടായ ശിക്ഷാനടപടിക്ക് തുല്യമായ നടപടി നിങ്ങൾ സ്വീകരിച്ചുകൊള്ളുക. നിങ്ങൾ ക്ഷമിക്കുകയാണെങ്കിലോ അതുതന്നെയാണ് ക്ഷമാശീലർക്ക് കൂടുതൽ ഉത്തമം" (ക്വുർആൻ 16:126).

ഒരാൾ മറ്റൊരാൾക്കു നേരെ അതിക്രമം പ്രവർത്തിച്ചാൽ തത്തുല്യമായി ശിക്ഷാനടപടി സ്വീകരിക്കുവാൻ അല്ലാഹു അനുവാദം നൽകിയിരിക്കുന്നു. അല്ലാഹു പറഞ്ഞു:

"...അപ്രകാരം നിങ്ങൾക്കെതിരെ ആർ അതിക്രമം കാണിച്ചാലും അവൻ നിങ്ങളുടെ നേർക്ക് കാണിച്ച അതിക്രമത്തിന്ന് തുല്യമായി അവന്റെ നേരെയും 'അതിക്രമം' കാണിച്ചുകൊള്ളുക..." (ക്വുർആൻ 2:194).

അഥവാ തുല്യമായി മാത്രം. വർധനവ് പാടുള്ളതല്ല. മിതത്വത്തിന്റെ മാതൃകാവ്യക്തിത്വമായിരുന്നു നബിﷺ. അനുവർത്തിച്ചും അരുളിയും അവിടുന്ന് അതിൽ മാതൃകയായി.

> **ആരാധനകളിലും പെരുമാറ്റത്തിലും കുടുംബജീവിതത്തിലും കർക്കശവും കഠിനവുമായ നിലപാടുകളിലേക്കു വ്യതിചലിച്ച തന്റെ അനുചരന്മാരിൽ ചിലരെ വിലക്കിയതും താക്കീതറിയിച്ചതും ചരിത്രത്തിൽ കാണാം.**

ആരാധനകളിലും പെരുമാറ്റത്തിലും കുടുംബജീവിതത്തിലും കർക്കശവും കഠിനവുമായ നിലപാടുകളിലേക്കു വ്യതിചലിച്ച തന്റെ അനുചരന്മാരിൽ ചിലരെ വിലക്കിയതും താക്കീതറിയിച്ചതും ചരിത്രത്തിൽ കാണാം. കാലം മുഴുവൻ നോമ്പെടുക്കുവാൻ ഒരാളും രാത്രിമുഴുവനും നമസ്കരിക്കുവാൻ മറ്റൊരാളും ഭാര്യയെ തൊടാതെയുള്ള ജീവിതം മൂന്നാമത് ഒരാളും തീരുമാനിക്കുകയാണ്. തിരുദൂതരുടെ ആത്മീയ ജീവിതം ചോദിച്ചു മനസിലാക്കിയായിരുന്നു അവരുടെ ഈ തീരുമാനം. വിവരമറിഞ്ഞ തിരുദൂതർﷺ പറഞ്ഞു:

"എന്നാൽ ഞാൻ (ഐച്ഛികമായി) നോമ്പെടുക്കുന്നു, നോമ്പെടുക്കാതിരിക്കുന്നു. രാത്രി നമസ്കരിക്കുന്നു, ഉറങ്ങുകയും ചെയ്യുന്നു. സ്ത്രീകളെ കല്യാണം കഴിക്കുന്നു. ആയതിനാൽ ആര് എന്റെ ചര്യയിൽ അപ്രിയനാകുന്നുവോ അവൻ എന്നിൽപെട്ടവനല്ല" (ബുഖാരി).

അബ്ദുല്ലാഹ് ഇബ്നുഅംറ് ഇബ്നുൽആസ്ؓ യൗവനാരംഭത്തിൽ ധാരാളം ആരാധനകൾ ചെയ്യുന്ന വ്യക്തിയായിരുന്നു. അദ്ദേഹം കാലം മുഴുവൻ പകലിൽ നോമ്പെടുക്കുമായിരുന്നു. രാത്രി മുഴുവൻ നമസ്കരിക്കുമായിരുന്നു. രാത്രിയിലെ തഹജ്ജുദ് നമസ്കാരത്തിൽ ക്വുർആൻ ഓതിത്തീർക്കുമായിരുന്നു. ഇത് പിന്നീട് അദ്ദേഹത്തിന് ക്ലേശകരമായി. നിർബന്ധമായി ചെയ്തുതീർക്കേണ്ട ചില ബാധ്യതകൾ നഷ്ടപ്പെടുമാറ് അദ്ദേഹം ക്ഷീണിതനായി. അപ്പോൾ അദ്ദേഹത്തിന് തിരുനബിﷺ ഇപ്രകാരം വ്യക്തമാക്കിക്കൊടുത്തു:

"ഹേ, അബ്ദുല്ലാഹ് ഇബ്നു അംറ്, താങ്കൾ പകലുകളിലെല്ലാം നോമ്പെടുക്കുകയും രാത്രിമുഴുവൻ നമസ്കരിക്കുകയും ചെയ്യുന്നു എന്ന വാർത്ത എനിക്ക് എത്തിയിരിക്കുന്നു. താങ്കൾ അപ്രകാരം ചെയ്യരുത്. കാരണം, താങ്കളുടെ ശരീരത്തിന് താങ്കളിൽനിന്ന് അവകാശം ഉണ്ട്. താങ്കളുടെ കണ്ണിന് താങ്കളിൽനിന്ന് അവകാശം ഉണ്ട്. താങ്കളുടെ ഭാര്യക്കും താങ്കളിൽനിന്നു അവകാശമുണ്ട്" (ബുഖാരി).

മറ്റൊരു നിവേദനത്തിൽ ഇത്രകൂടിയുണ്ട്: "...തീർച്ചയായും താങ്കളുടെ സന്ദർശകർക്ക് താങ്കളിൽനിന്ന് അവകാശമുണ്ട്..." (ബുഖാരി).

വളരെ വലിയ ശോച്യാവസ്ഥ പ്രകടമായി കാണപ്പെട്ട ഒരു വ്യക്തിയോടുള്ള തിരുദൂതരുടെ ചോദ്യങ്ങളും നിർദേശങ്ങളും ഗുണദോഷങ്ങളും നോക്കൂ:

'താങ്കൾക്ക് സമ്പത്തുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ.' തിരുമേനിﷺ പറഞ്ഞു: 'ഏത് രീതിയിലുള്ള സമ്പത്താണ്?' അയാൾ പറഞ്ഞു: 'ആടുകൾ, മാടുകൾ, ഒട്ടകങ്ങൾ, അടിമകൾ.' തിരുനബി പ്രതികരിച്ചു: 'അല്ലാഹു താങ്കൾക്ക് സമ്പത്ത് നൽകിയിട്ടുങ്കെിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും ഔദാര്യത്തിന്റെയും അടയാളം താങ്കളിൽ കാണപ്പെടട്ടെ" (സുനനു ഇബ്നിമാജ, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

തന്റെ അനുചരന്മാരെ മധ്യമരീതി പഠിപ്പിക്കുകയായിരുന്നു നബിﷺ. തിരുനബിയിൽ മാതൃകയുൾക്കൊണ്ട അനുചരന്മാർ മിതത്വ ജീവിതത്തിന്റെ ചരിത്രം തെളിയിച്ചു. അബൂജുഹയ്ഫؓ യിൽനിന്ന് ഒരു സംഭവം ഇപ്രകാരം നിവേദനംചെയ്യപ്പെട്ടിട്ടുണ്ട്:

'സൽമാനുൽഫാരിസിؓയുടെയും അബുദ്ദർദാഇؓന്റെയും ഇടയിൽ നബിﷺ സാഹോദര്യമുണ്ടാക്കി. സൽമാൻ അബുദ്ദർദാഇനെ സന്ദർശിച്ചു. അപ്പോൾ ഉമ്മുദ്ദർദാؓഇനെ അണിഞ്ഞൊരുങ്ങാത്ത വിധം അദ്ദേഹം കണ്ടു. സൽമാൻؓ അവരോടു ചോദിച്ചു: 'നിങ്ങൾക്ക് എന്തു പറ്റി?' അവർ പറഞ്ഞു: 'താങ്കളുടെ സഹോദരൻ അബുദ്ദർദാഇന് ഭൗതിക (സുഖത്തിൽ) ആവശ്യമൊന്നുമില്ല.' അതിൽ പിന്നെ അബുദ്ദർദാഅ്ؓ വരുകയും സൽമാനുവേണ്ടി ഭക്ഷണമുണ്ടാക്കുകയും ചെയ്തു. സൽമാൻؓ പറഞ്ഞു: 'അബുദ്ദർദാഅ്, താങ്കൾ ഭക്ഷിക്കൂ.' അബുദ്ദർദാഅ്ؓ പറഞ്ഞു: 'ഞാൻ നോമ്പുകാരനാണ്.' സൽമാൻؓ പറഞ്ഞു: 'താങ്കൾ ഭക്ഷിക്കുന്നതുവരെ ഞാനും ഭക്ഷിക്കുകയില്ല.' അപ്പോൾ അബുദ്ദർദാഅ് ഭക്ഷിച്ചു. രാത്രിയായപ്പോൾ അബുദ്ദർദാഅ് നമസ്കരിക്കുവാനായി പോയി. സൽമാൻ പറഞ്ഞു: 'താങ്കൾ ഉറങ്ങൂ.' അപ്പോൾ അദ്ദേഹം ഉറങ്ങി. പിന്നീട് നമസ്കരിക്കുവാനായി പോയി. അപ്പോഴും സൽമാൻؓ പറഞ്ഞു: 'താങ്കൾ ഉറങ്ങൂ.' അങ്ങനെ രാത്രിയുടെ അവസാനമായപ്പോൾ സൽമാൻؓ പറഞ്ഞു: 'ഇപ്പോൾ താങ്കൾ നമസ്കരിക്കുക.' അപ്പോൾ അവർ രണ്ടുപേരും നമസ്കരിച്ചു. സൽമാൻؓ അദ്ദേഹത്തോടു പറഞ്ഞു: 'തീർച്ചയായും നിങ്ങളുടെ റബ്ബിന് നിങ്ങളിൽനിന്ന് അവകാശമുണ്ട്. നിങ്ങളുടെ ശരീരത്തിന് നിങ്ങളിൽനിന്ന് അവകാശമുണ്ട്. നിങ്ങളുടെ ഭാര്യക്കും നിങ്ങളിൽനിന്ന് അവകാശമുണ്ട്. ഓരോരുത്തർക്കും അവരുടെ അവകാശം നിങ്ങൾ നൽകുക.' ശേഷം അബുദ്ദർദാഅ്ؓ നബിﷺയുടെ അടുക്കൽ വരികയും ഇതു തിരുമേനിﷺയെ ഉണർത്തുകയും ചെയ്തു. അപ്പോൾ തിരുമേനിﷺ പറഞ്ഞു: 'സൽമാൻ സത്യം പറഞ്ഞു"(ബുഖാരി).

അലി ചെമ്മാട്
alichemmad@gmail.com





# കേരളീയ യുക്തിവാദം: ചരിത്രം, വർത്തമാനം, ധാർമികത

**ജാതീയതക്കെതിരെയുള്ള ശക്തമായ ചുവടുവയ്പുകളുമായാണ് കേരളത്തിൽ യുക്തിവാദപ്രസ്ഥാനം കാലുറപ്പിക്കുന്നത്. എന്നാൽ അന്ധമായ മതവിമർശനങ്ങളും ധാർമികത തൊട്ടുതീണ്ടാത്ത നിലപാടുകളുമായി യുക്തിവാദവും അതിന്റെ താത്ത്വിക സംഘടനകളും മലയാളിമനസ്സിൽനിന്ന് നീക്കം ചെയ്യപ്പെട്ടുകഴിഞ്ഞു. സാമൂഹിക പരിവർത്തന വീഥിയിൽ എവിടെയാണ് അവർക്ക് പിഴച്ചത്? ചരിത്രപരമായ അവലോകനം.**

പത്തൊമ്പതാം നൂറ്റാണ്ടും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവും കേരളം വർണവെറിയുടെയും ജാതീയതയുടെയും തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും വിളനിലമായിരുന്നു; പ്രത്യേകിച്ച് തെക്കൻകേരളം. മലബാറിൽ ടിപ്പുസുൽത്താന്റെ പടയോട്ടത്തിന്റെ ബാക്കിപത്ര ഫലമായി ജാതീയതക്കും തൊട്ടുകൂടായ്മക്കും തീണ്ടിക്കൂടായ്മക്കും വർണവെറിക്കും തെല്ലൊരാശ്വാസം ഉണ്ടായിരുന്നു. ടിപ്പുസുൽത്താന്റെ പടയോട്ടം നേരത്തെ തന്നെ മലബാറിൽ ജാതീയതക്കും വർണവെറിക്കും ആഘാതം സൃഷ്ടിച്ചിരുന്നു. ടിപ്പുവിന്റെ പടയോട്ടം ജന്മിമാരുടെ സ്വാധീനത്തിനും കുറവുണ്ടാക്കിയിരുന്നു. ടിപ്പുസുൽത്താൻ അക്കാലത്തുതന്നെ ഭൂപരിഷ്കരണം നടപ്പിലാക്കിയിരുന്നു. കൃഷിഭൂമി ജന്മിമാരിൽനിന്നും ഏറ്റെടുത്ത് കൃഷിചെയ്യുന്ന കർഷകർക്കും കർഷകത്തൊഴിലാളികൾക്കും നൽകിയിരുന്നു.

(കേരളത്തിൽ ഭൂപരിഷ്‌ക്കരണ നിയമം നടപ്പാക്കിയപ്പോൾ പക്ഷേ, കർഷകർക്കോ കർഷകത്തൊഴിലാളികൾക്കോ ആയിരുന്നില്ല കൃഷിഭൂമി ലഭിച്ചത്. മറിച്ച് കയ്യൂക്കുള്ളവൻ കാര്യക്കാരൻ ആവുകയായിരുന്നു. അതായത് കേസും കോടതിയുമായി നടക്കുന്ന, നിയമപരിചയമുള്ള സമർഥന്മാർ കോടതിക്കേസുകളിലൂടെ കയ്യടക്കുകയാണ് ചെയ്തത്). ടിപ്പുവിന്റെ പതനത്തിനുശേഷം ബ്രിട്ടീഷുകാർ അവയെല്ലാം കർഷകരിൽനിന്ന് പിടിച്ചെടുത്ത് ജന്മിമാർക്ക് തിരിച്ചുനൽകി. എങ്കിലും അദ്ദേഹത്തിലൂടെ ഉണ്ടായ സാമൂഹ്യ, സാംസ്‌കാരിക വിപ്ലവം നിലനിന്നതുകൊണ്ടാണ് മലബാറിൽ ജാതീയതക്ക് തെല്ലൊരു കാഠിന്യം കുറഞ്ഞത്.

എന്നാൽ മധ്യകേരളത്തിലെയും തെക്കൻ കേരളത്തിലെയും സ്ഥിതി ഏറെ ദയനീയമായിരുന്നു. ഇതിന്റെ നേർചിത്രം ശ്രീനാരായണഗുരുവിനെക്കുറിച്ചുള്ള വിക്കി പേജിൽ ഇങ്ങനെ കുറിക്കുന്നു:

"മനുഷ്യരെ എല്ലാവരെയും ഒരേപോലെ അംഗീകരിക്കാത്ത ഒരു വ്യവസ്ഥിതിയായിരുന്നു അക്കാലത്ത്. ഇതിനു പ്രധാനകാരണം ജാതീയമായ ഉച്ചനീചത്വങ്ങളും അതിനോടു ബന്ധപ്പെട്ട തീണ്ടൽ, തൊടീൽ മുതലായ അനാചാരങ്ങളും ആയിരുന്നു. ജാതിയുടെ അടിസ്ഥാനത്തിൽ ബ്രാഹ്മണർ, ക്ഷത്രിയരടക്കമുള്ള നായർ, അമ്പലവാസി, ശൂദ്രനായർ, വെള്ളാളർ തുടങ്ങിയവർ സവർണർ എന്നും കമ്മാളർ, ഗണകർ തുടങ്ങി ചിലവർ രണ്ടിലും ചേരാത്തതായും ഈഴവർ, അതിനുതാഴെ നായാടിവരെയുള്ളവർ അവർണരെന്നും തരംതിരിച്ചിരുന്നു. ക്ഷേത്രാരാധന, വിദ്യാഭ്യാസം, ഉദ്യോഗം എന്നിങ്ങനെയുള്ള കാര്യങ്ങൾ ഇവർക്ക് നിഷിദ്ധമായിരുന്നു. അഞ്ചുരൂപ മാസശമ്പളം വാങ്ങുന്ന ഒരൊറ്റ ഈഴവനും അക്കാലത്ത് സർക്കാർ ജോലിയിൽ ഉണ്ടായിരുന്നില്ല. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ച അവർണ ജാതിക്കാർ (ഡോ. പൽപുവും മറ്റും) ഈ ശാഠ്യത്തിന്റെ ഇരകളായിത്തീർന്നു(ഡോ. പൽപ്പു ഈഴവനായതുകൊണ്ട് മാത്രം അദ്ദേഹത്തിന് ട്രാവൻകൂർ മെഡിക്കൽ കോളേജിൽ അഡ്മിഷൻ നിഷേധിച്ചു. അദ്ദേഹം മദ്രാസിൽ മെഡിസിന് പഠിക്കുകയും ശേഷം ക്യാംബ്രിഡ്ജ് യൂണിവേഴ്‌സിറ്റി ലണ്ടനിൽ ഉപരിപഠനം നടത്തുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തിയ ഡോക്ടർക്ക് പക്ഷേ, തിരുവിതാംകൂർ മഹാരാജ്യത്ത് പ്രാക്ടീസ് ചെയ്യാൻ ജാതീയത അനുവദിച്ചില്ല. അദ്ദേഹം ബ്രിട്ടീഷ് മൈസൂരിലാണ് പ്രാക്ടീസ് ചെയ്തത്- ലേഖകൻ).


ബ്രാഹ്മണർ ജന്മികളായിത്തീരുകയും കർഷകരായ അവർണ ജാതിക്കാർക്ക് ഭൂമി പാട്ടത്തിനു നൽകി വിളവ് കൊള്ളയടിക്കുകയും അടിമവേല ചെയ്യിപ്പിക്കുകയും ചെയ്തിരുന്നു. അവർണരെ അടിമകളാക്കിവയ്ക്കുന്നതരം ജന്മി-കുടിയാൻ വ്യവസ്ഥകൾ അക്കാലത്ത് ക്രമീകരിക്കപ്പെട്ടിരുന്നു. ഇതൊന്നും പോരാതെ സാമൂഹ്യമായ മർദനങ്ങളെ അതിക്രമിക്കും വിധമായിരുന്നു അവർണജാതിക്കാരുടെമേൽ നടത്തിയിരുന്ന സാമ്പത്തിക ചൂഷണങ്ങൾ. അടിക്കടിയുള്ള യുദ്ധങ്ങൾകൊണ്ട് ഖജനാവ് ശോഷിച്ചപ്പോൾ പതിനാറിനും നാൽപതിനും ഇടക്കു പ്രായമുള്ള അവർണരിൽനിന്നും തലയെണ്ണി നികുതി ചുമത്തി. ഇതിനു തലവരി എന്നാണ് പറഞ്ഞിരുന്നത്. കൂടാതെ വീടുമേയുക, മീൻപിടിക്കുക, എണ്ണയാട്ടുക, കള്ളുചെത്തുക തുടങ്ങിയ എല്ലാ തൊഴിലുകൾക്കും നികുതി ഏർപ്പെടുത്തിയിരുന്നു. പതിനാറിനും മുപ്പത്തിയഞ്ചിനും ഇടയിലുള്ള അവർണയുവതികളിൽനിന്നും മുലക്കരം പിരിച്ചിരുന്നു. ഇതിൽ പ്രതിഷേധിച്ച് ചേർത്തലയിലെ കണ്ടപ്പന്റെ ഭാര്യ നങ്ങേലി എന്ന സ്ത്രീ തന്റെ മുല അരിഞ്ഞ് കരംപിരിവുകാരുടെ മുന്നിലേക്ക് എറിഞ്ഞുകൊടുത്തു. വൈകുന്നേരത്തോടെ നങ്ങേലി രക്തം വാർന്ന് മരിച്ചു. നങ്ങേലിയുടെ ശവദാഹം നടന്നുകൊണ്ടിരിക്കെ കത്തിക്കൊണ്ടിരുന്ന ചിതയിലേ

> **"മതത്തെ നക്കിക്കൊല്ലാൻ കമ്യൂണിസ്റ്റ് പാർട്ടി മുൻകയ്യെടുത്ത് സ്ഥാപിച്ച മതത്തിനെതിരെയുള്ള നാസ്തികപ്രവർത്തന പ്രചാരണ യന്ത്രങ്ങൾ തന്നെയാണ് പുരോഗമന കലാസാഹിത്യ സംഘവും (പുകസ) പ്രൈമറി അധ്യാപകർ മാത്രം ശാസ്ത്രജ്ഞൻമാരായുണ്ടായിരുന്ന കേരള ശാസ്ത്ര സാഹിത്യ പരിഷത്തും. അക്കാലത്ത് കൊച്ചുകുട്ടികളുടെ മസ്തിഷ്‌ക പ്രക്ഷാളനത്തിന് എൽ.പി സ്‌കൂളുകളിൽ ശാസ്ത്രക്കുപ്പായമിട്ട നാസ്തികർ മത്സരപരീക്ഷകളും ക്വിസ് പ്രോഗ്രാമുകളും മറ്റുമായി നിറഞ്ഞാടിയിരുന്നു. ഇന്ന് പരിഷത്ത് കേവലം തെർമോകൂൾ ചൂടാറാപ്പെട്ടിക്കകത്ത് അനന്തശയനത്തിലാണ്. പുകസയെ കുറിച്ച് കേട്ടുകേൾവി പോലുമില്ല. ഇന്നിവർക്കൊക്കെയുള്ള ഏകജോലി സ്വന്തം സ്വകാര്യസ്വത്ത് സംരക്ഷണം മാത്രം!"**

ക്ക് എടുത്തുചാടി ഭർത്താവായ കണ്ടപ്പനും ആത്മാഹൂതി ചെയ്തു. ജാതിയുടെ ഏറ്റക്കുറച്ചിൽ നോക്കിയാണ് കുറ്റങ്ങൾക്ക് ശിക്ഷ വിധിച്ചിരുന്നത്. അവർണർക്ക് ഏർപ്പെടുത്തിയിരുന്ന ശിക്ഷകൾ അതിക്രൂരമായിരുന്നു. ചെറിയ കുറ്റങ്ങൾക്കുപോലും അവയവങ്ങൾ മുറിച്ചുകളഞ്ഞിരുന്നു. ചിത്രവധം അക്കാലത്ത് നടപ്പിലിരുന്ന ഏറ്റവും ക്രൂരമായ ശിക്ഷാവിധിയായിരുന്നു. പൃഷ്ഠത്തിൽനിന്നും കമ്പിയടിച്ചുകയറ്റി നാട്ടിനിറുത്തി കൊലചെയ്യുന്നതിനാണ് ചിത്രവധം എന്നു പറഞ്ഞിരുന്നത്. രണ്ടും മൂന്നും ദിവസം അവർ അങ്ങനെ കിടന്നു അന്ത്യശ്വാസം വലിക്കും.”[1]

ഇത്തരം ക്രൂരതകൾ അടിസ്ഥാന വർഗത്തിന് എതിരെയാണ് നടത്തിയിരുന്നതെങ്കിൽ സവർണമേധാവികളുടെ ഇല്ലങ്ങളിലും സ്ഥിതി പരിതാപകരമായിരുന്നു. കേരള യുക്തിവാദിസംഘം അതിന്റെ ‘അടിസ്ഥാന ഗ്രന്ഥം, പാഠപുസ്തകം’ എന്ന് പരിചയപ്പെടുത്തി പ്രസിദ്ധീകരിച്ച ‘യുക്തിദർശനം’ വി.ടി ഭട്ടതിരിപ്പാടിനെ ഉദ്ധരിച്ച് ഇങ്ങനെ പറയുന്നു: “ഇല്ലത്തു മൂസ്സു മാത്രം ‘മണിക്കാള’യെപ്പോലെ നാലും അഞ്ചും വിവാഹം കഴിച്ചു സന്തത്യുത്പാദനം ചെയ്തു തറവാട്ടിൽ തിന്നുകൂടും. ഇളമുറക്കാർ സമാവർത്തനത്തിനുശേഷം ദേവാലയത്തിലെയും ബ്രഹ്മാലയത്തിലെയും ഉച്ഛിഷ്ടം തിന്നുകൊണ്ട് തെണ്ടിനടക്കും. ധനാഢ്യഗൃഹങ്ങളിലെ ‘അടിയന്തിര’ങ്ങൾക്ക് ക്ഷണിച്ചില്ലെങ്കിലും മണത്തറിഞ്ഞ് കയറിച്ചെല്ലും. ഒരു നവരക്കിഴിക്കെന്നപോലെ കുളിർക്കെ എണ്ണതേച്ചു കുളിക്കും. ദേഹണ്ണപ്പുരയിൽ ചെന്ന് മുക്കിയ മുണ്ട് ചെമ്പടുപ്പിന്റെ തീജ്വാലയിൽ വിടർത്തിപ്പിടിച്ച് ഉണക്കിയെടുക്കും. മുഖപ്പത്തിക്ക് തന്നെ ഒഴിഞ്ഞമൂല നോക്കി സ്ഥലംപിടിച്ചു മൂക്കറ്റം ‘ഘ്രാസും.’ തിക്കിയും തിരക്കിയും കൂട്ടത്തിൽ കടന്നിരുന്നു ദാനവും പ്രതിഗ്രഹവും പറ്റിക്കും. കലവറക്കാര്യസ്ഥന്റെ മുമ്പിൽ പൂണൂൽപ്പൂജ്യത കാട്ടി ഒരുപാട് മുറുക്കാൻ തരമാക്കും. എല്ലാം കൈയിലായാൽ എങ്ങോ തിരുകിവച്ചിരുന്ന കുടയുമെടുത്ത് അപ്രത്യക്ഷനാകും. അങ്ങിനെ ദാരിദ്ര്യം കൊണ്ടും ദാസ്യമനോഭാവം കൊണ്ടും പുച്ഛം തോന്നിക്കുന്ന പലതരക്കാരും... കേളികേട്ട എല്ലാ ആഢ്യഗ്രഹങ്ങൾക്കുമുണ്ടായിരുന്നു ഇത്തരം അടിമകൾ...”[2]

മലബാറിൽ വർണവെറി ഒരൽപം കുറവായിരുന്നു എന്നു പറഞ്ഞുവല്ലോ. എന്നാലും എത്രത്തോളം ഭയാനകമായിരുന്നു സ്ഥിതിവിശേഷം എന്ന് വ്യക്തമാകാൻ എന്റെ പ്രദേശത്ത് അക്കാലത്ത് നടന്ന ഒരു സംഭവം ഓർക്കുന്നത് അവസരോചിതമയിരിക്കുമെന്ന് കരുതട്ടെ. സ്ഥലത്തെ പ്രധാന നായർ തറവാട്ടിൽ കൃഷിപ്പണികളിൽ ഏർപ്പെട്ടിരുന്ന കള്ളാടി, നായാടി, ചെറുമൻമാരുടെ കൂട്ടത്തിലെ ‘കീരൻ’ (പേര് സാങ്കൽപികം) എന്ന കള്ളാടിയുടെ സംഭവമാണ് ഓർക്കുന്നത്. കീരന് കഞ്ഞികുടിക്കാൻ സമയമായിരുന്നു. കഞ്ഞികുടിക്കാനുള്ള കുഴികുത്തി അതിൽ വാഴയില പരത്തി പ്ലാവിലക്കയിലും കുത്തി കഞ്ഞിക്ക് കീരൻ കാത്തുനിന്നു. അടുക്കളപ്പണിക്കാരി കുഴിയിൽ കഞ്ഞി ഒഴിക്കാൻ വരുന്നതുകണ്ടു കീരൻ ‘ജാതീയ അകലം’ പാലിച്ചു മാറിനിന്നു. പണിക്കാരി കഞ്ഞി ഒഴിച്ചുപോയ ശേഷം കീരൻ കഞ്ഞി കുടിക്കാൻ അടുത്തു വരുന്നതിനിടയിൽ കാക്കകൾ വന്നു കഞ്ഞി രുചി നോക്കി. അവിടെ വീട്ടുകാരൻ നായരെ കാണാൻ വന്ന സ്ഥലത്തെ മുസ്‌ലിം പ്രമാണി ഇതുകണ്ടു വേദനിച്ചു. അദ്ദേഹം തിരിച്ചുപോകുമ്പോൾ പണിമാറ്റിയ ശേഷം വന്നുകാണാൻ കീരനോട് പറഞ്ഞു. മാസങ്ങൾക്ക് ശേഷം ആ മുസ്‌ലിം പ്രമാണിയും മറ്റൊരാളും കൂടി നായരുടെ അതേ വീട്ടിലെത്തി. കൂടെയുള്ളയാളും തൊപ്പിയും കുപ്പായവുമിട്ട ഒരു മുസ്‌ലിം തന്നെയായിരുന്നു. ഇരു



വരെയും തറവാട്ടുകാരണവർ നായർ സ്വീകരിച്ചിരുത്തി സൽക്കരിച്ചു. കുശലാന്വേഷണങ്ങൾക്കിടയിൽ കൂടെയുള്ള ആളാരാണെന്ന് നായർ അന്വേഷിച്ചു. പ്രമാണി പറഞ്ഞു, 'ഇത് കള്ളാടി ചക്കന്റെ മകൻ കീരനാണ്' എന്ന്. മുസ്‌ലിം പ്രമാണി കീരനെ, അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും സമ്മതത്തോടെ പൊന്നാനിയിലേക്കയച്ച്, കീരൻ മുസ്‌ലിമായി തിരിച്ചുവന്ന ശേഷമായിരുന്നു നായരെ കാണാൻ പോയത്.

അന്നത്തെ കേരളത്തിന്റെ സാമൂഹ്യദുരവസ്ഥ ഇതിൽനിന്ന് വ്യക്തമാണ്. ആ സാമൂഹ്യ ദുരാചാരത്തിൽനിന്നും അടിച്ചമർത്തലുകളിൽനിന്നും അടിസ്ഥാനവർഗത്തെ ഉയർത്തിക്കൊണ്ടുവരാൻ പ്രയത്നിച്ച മഹാനാണ് ശ്രീനാരായണ ഗുരു. ശ്രീനാരായണഗുരുവിന്റെ ആത്മമിത്രമായിരുന്നു വക്കം അബ്ദുൽ ഖാദിർ മൗലവി. മൗലവി സാമൂഹ്യപരിഷ്‌കർത്താവ് മാത്രമായിരുന്നില്ല; സ്വാതന്ത്ര്യസമര സേനാനിയും പത്രപ്രവർത്തകനും സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകനും കൂടിയായിരുന്നു. ദിവാന്റെ നെറികെട്ട ഭരണത്തിനെതിരെ ശക്തമായി തൂലിക ചലിപ്പിച്ചതുകാരണം അദ്ദേഹത്തിന്റെ പത്രം കണ്ടുകെട്ടുകയും പത്രാധിപർ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു. ഇത്തരം ശക്തരായ സാമൂഹ്യ പരിഷ്‌കർത്താക്കളും സ്വാതന്ത്ര്യസമര സേനാനികളും പത്രപ്രവർത്തകരും എല്ലാവരും ചേർന്നായിരുന്നു തിരുവിതാംകൂറിനെയും കൊച്ചിയെയും ജാതീയ, സാമൂഹ്യ അടിമത്തത്തിൽനിന്നുമുള്ള മോചനത്തിനുവേണ്ട മുന്നേറ്റങ്ങൾ നടത്തിയിരുന്നത്.(3)

ശ്രീനാരായണഗുരുവിന്റെ ശിഷ്യനായിരുന്നു സഹോദരൻ അയ്യപ്പൻ. ശ്രീനാരായണഗുരുവിനെപ്പോലെ വക്കം അബ്ദുൽ ഖാദിർ മൗലവിയെപ്പോലെ, സ്വദേശാഭിമാനി ബാലകൃഷ്ണ പിള്ളയെപ്പോലെയുള്ള സാമൂഹ്യപരിഷ്‌കർത്താക്കളും നേതാക്കളും കഠിന പ്രയത്നം നടത്തി സൃഷ്ടിച്ച സാമൂഹ്യസുരക്ഷാ ബോധത്തിൽ, അതിന്റെ ഓരംപറ്റി വളർന്നുവന്ന വ്യക്തിയാണ് സഹോദരൻ അയ്യപ്പൻ. ഗുരുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കാനും പ്രയോഗവൽക്കരിക്കാനും അദ്ദേഹം ഏറെ പ്രയത്നിച്ചിട്ടുണ്ട്. ആ ശ്രമത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് 'മിശ്രഭോജനം.' ഇതിലൂടെ അദ്ദേഹത്തിന് 'പുലയൻ അയ്യപ്പൻ' എന്ന് വിളിപ്പേരുകൂടി ലഭിച്ചു. ഇതേ കാലയളവിൽ തന്നെ അദ്ദേഹം മുൻകൈയെടുത്ത് രൂപീകരിച്ച കൂട്ടായ്മയാണ് സഹോദരസംഘം. 1919ൽ അദ്ദേഹം സ്ഥാപിച്ച പത്രമാണ് സഹോദരൻ. വളരെയേറെ വിപ്ലവാത്മകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തികൂടിയാണ് സഹോദരൻ അയ്യപ്പൻ.(4)

സഹോദരൻ അയ്യപ്പന്റെ പ്രധാന പ്രവർത്തനങ്ങളുടെ കാലം ശ്രദ്ധേയമാണ്. 1917ൽ ആണ് അദ്ദേഹം മിശ്രഭോജനം നടത്തിയതും സഹോദര സംഘം രൂപീകരിച്ചതും. അദ്ദേഹം പത്രം സ്ഥാപിച്ചത് 1919ലും. ഈ കാലഘട്ടത്തിന് ലോകചരിത്രത്തിൽ ഒരു പ്രത്യേക അടയാളമുണ്ട്. എന്താണത്? 1917 മാർച്ചിലാണ് ആദ്യ റഷ്യൻ വിപ്ലവം അരങ്ങേറിയത്. ഒക്ടോബറിലാണ് നിക്കോളാസ് രണ്ടാമൻ എന്ന അവസാനത്തെ സർ ചക്രവർത്തിയിൽ നിന്ന് ലെനിന്റെ നേതൃത്വത്തിൽ, പൈശാചിക അക്രമത്തിലൂടെ ചക്രവർത്തിയുടെ കുടുംബത്തിലെ കൊച്ചുകുട്ടികളെ അടക്കം അരും കൊലചെയ്തു(5) ബോൾഷെവിക്കുകൾ ഭരണം പിടിച്ചെടുത്തത്. തുടർന്നുണ്ടായ റഷ്യൻ അഭ്യന്തര യുദ്ധത്തിൽ 10500000 മനുഷ്യർ മരിച്ചുവീണു എന്നത് പിന്നീട് പുറത്തുവന്ന ചരിത്രയാഥാർഥ്യം.(6) കമ്യൂണിസം ലോകത്താകമാനം 10 കോടിയിലേറെ മനുഷ്യരെ കൊന്നു എന്നത് മറ്റൊരു വസ്തുത. മനുഷ്യചരിത്രത്തിൽ ഇന്നോളം ഇത്രയും മനുഷ്യരെ കൊന്നുതള്ളിയ മറ്റൊരാദർശവും കഴിഞ്ഞ് പോയിട്ടില്ല. അതിലൂടെയാണ് ലോകത്ത്, ചരിത്രത്തിൽ ആദ്യമായി കമ്യൂണിസ്റ്റ് (നാസ്തിക) ഭരണം നിലവിൽവന്നത്. ഈ പൈശാചിക ഭരണമാറ്റത്തിനെ പൊടിപ്പും തൊങ്ങലും വച്ച് എരിവും പുളിവും ചേർത്തു വെളുപ്പിച്ച വ്യാജ വാർത്തകൾ ലോകമൊന്നാകെ പരന്നു. റഷ്യയിലെ കമ്യൂണിസ്റ്റ് വിപ്ലവം, അത് കേരള മണ്ണിനെയും പുളകംകൊള്ളിച്ചു. സ്വാഭാവികമായും വിപ്ലവത്തെ ഇഷ്ടപ്പെട്ടിരുന്ന സഹോദരൻ അയ്യപ്പനെയും അത് വളരെയേറെ ആവേശഭരിതനാക്കി. ആ ആവേശം അദ്ദേഹത്തിന്റെ ഭാവിപ്രവർത്തനങ്ങളിലെല്ലാം പ്രതിഫലിച്ചിരുന്നു.

ഇക്കാര്യം യുക്തിദർശനം കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്: "ഈ കാലത്താണ്, അതായത് 1917 മെയ് 29ാം തിയതി ശ്രീ.കെ. അയ്യപ്പൻ 'സഹോദരസംഘം' സ്ഥാപിച്ചതും മിശ്രഭോജനത്തിലൂടെ സംഘത്തിന്റെ ഉദ്ഘാടനം നടത്തിയതും. ഈ നാളുകളിൽ, പുതിയൊരു യുഗപ്പിറവിയുടെ വിജയകാഹളം മുഴക്കിയെത്തിയ മഹത്തായ റഷ്യയിലെ ഒക്ടോബർ വിപ്ലവത്തിന്റെ സന്ദേശം ഉൾക്കൊണ്ടുതന്നെ, ശ്രീ അയ്യപ്പൻ കേരളത്തിലെ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു:

**കേരള യുക്തിവാദിസംഘം ഇന്നും വൈരുധ്യാത്മക ഭൗതികവാദത്തിന്റെ അടിമകളാണ്. എന്നാൽ മറ്റു നാസ്തികർ അതുപോലെയുള്ള മറ്റു പല പല വിശ്വാസങ്ങളുടെ അടിമകളും! റഷ്യയിൽ അരങ്ങേറിയ പൈശാചിക വിപ്ലവത്തിന്റെ ഉപോൽപന്നമായാണ് കേരളത്തിൽ കമ്യൂണിസവും യുക്തിവാദവും നാസ്തികതയും ഉത്ഭവിച്ചത് എന്ന വസ്തുത ഇത് തെളിയിക്കുന്നു. അതായത് നാസ്തികകേരളം അതിന്റെ ഒന്നാം തീയതിതന്നെ മനുഷ്യവിരുദ്ധ പ്രത്യയശാസ്ത്രത്തിന്റെ വൈകാരിക സന്തതിയാണ്.**

"നിങ്ങളെപ്പോലെയുള്ള യുവാക്കളേറെക്കാലം

ഭംഗമില്ലാതെ ചെയ്ത ഘോരമാം ത്യാഗത്തിന്റെ

ഫലമായത്രേ, മഹാദാസ്യത്തിൽ കേണ റഷ്യാ-

ധരണി വിശ്വോത്തര സ്വാതന്ത്ര്യസുഭഗയായ്

സകലഭോഗക്ഷമരായുള്ളയെത്രയെത്ര

യുവതീയുവാക്കന്മാർ തങ്ങളുടെ രാജ്യത്തിന്റെ

അവശസ്ഥിതപോക്കി സ്വാതന്ത്ര്യം സ്ഥാപിക്കുവാൻ

അവിടെ ജീവിതങ്ങൾ സാമോദം ബലിചെയ്താർ

രചിപ്പിൻവേഗം നിങ്ങളിവിടെ സഖാക്കളെ

ശ്രവിക്കിൻ രോമം ചീർക്കും താദൃശചരിത്രങ്ങൾ"

അതെ, 'താദൃശചരിത്രങ്ങൾ രചിക്കുന്നതിന്' ആഹ്വാനം ചെയ്തുകൊണ്ട് അതിന്റെ ആദ്യപടിയെന്നോണം 'മനുജസ്വാതന്ത്ര്യത്തെ തടഞ്ഞ് നിർത്തീടുന്ന, മലിനവിശ്വാസങ്ങൾക്കും വികലാചാരങ്ങൾക്കും' എതിരായ പ്രവർത്തനങ്ങൾ സഹോദരസംഘം ആരംഭിച്ചു."[7]

റഷ്യയിൽ നടന്നത് രാഷ്ട്രീയ വിപ്ലവം ആയിരുന്നുവെങ്കിൽ ഇവിടെ വിശ്വാസങ്ങൽക്കെതിരെയുള്ള യുദ്ധപ്രഖ്യാപനം നടത്തുകയായിരുന്നു അയ്യപ്പൻ ചെയ്തത് എന്നാണ് യുക്തിദർശന ഭാഷ്യം. അതിനെ സാധൂകരിക്കുന്നു അയ്യപ്പ പ്രവർത്തന ചരിത്രം. ഒക്ടോബർ സായുധവിപ്ലവം ഭരണമാറ്റമാണ് ലക്ഷ്യം വച്ചതെങ്കിൽ പക്ഷേ, തുടർന്നു നടന്നത് തുല്യതയില്ലാത്ത മതപീഡനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളുമാണ്. കമ്യൂണിസത്തെ കുറിച്ച്, അതിന്റെ രക്തരൂക്ഷിത ചരിത്രത്തെ കുറിച്ച് അറിയാൻ "The Black Book of Communism" എന്ന ഗ്രന്ഥം വായിക്കുക. PDF സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്. ആവശ്യമുള്ളവർ വ്യക്തിപരമായി ബന്ധപ്പെട്ടാൽ അയച്ചുതരാവുന്നതാണ്. (ലേഖകൻ).

അതുകൊണ്ട്തന്നെയാണ് ശ്രീനാരായണഗുരുവിന്റെ 'ഒരുജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ആദർശ മുദ്രാവാക്യത്തിന് പാരഡിയായി 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്നാക്കി അയാൾ തിരുത്തിയത്. ആ ദുഃസ്വാധീനം മൂലം ഇന്നും കേരള യുക്തിവാദിസംഘത്തെ മറ്റു നാസ്തികർ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. കേരള യുക്തിവാദിസംഘം ഇന്നും വൈരുധ്യാത്മക ഭൗതികവാദത്തിന്റെ അടിമകളാണല്ലോ. എന്നാൽ മറ്റു നാസ്തികർ അതുപോലെയുള്ള മറ്റു പല പല വിശ്വാസങ്ങളുടെ അടിമകളും! റഷ്യയിൽ അരങ്ങേറിയ പൈശാചിക വിപ്ലവത്തിന്റെ ഉപോൽപന്നമായാണ് കേരളത്തിൽ കമ്യൂണിസവും യുക്തിവാദവും നാസ്തികതയും ഉത്ഭവിച്ചത് എന്ന വസ്തുത ഇത് തെളിയിക്കുന്നു. അതായത് നാസ്തികകേരളം അതിന്റെ ഒന്നാം തീയതിതന്നെ മനുഷ്യവിരുദ്ധ പ്രത്യയശാസ്ത്രത്തിന്റെ വൈകാരിക സന്തതിയാണ്.

നാസ്തികതക്ക് ധാർമിക നിയമം(?) ആവിഷ്കരിച്ച ബർട്രന്റ് റസ്സൽ ലെനിനെക്കുറിച്ചു പറഞ്ഞത് ക്രൂരനായ പിശാച് എന്നാണ്.[8] ഈ ലെനിനെ മലയാളത്തിനു പരിചയപ്പെടുത്തിയതും അയ്യപ്പൻ തന്നെയായിരുന്നു. യുക്തിദർശനം പറയുന്നു: "സഹോദരൻ ആണ് ആദ്യമായും ലെനിന്റെ ചിത്രം പ്രസിദ്ധീകരിച്ചതും ലെനിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റും കൂടുതൽ കാര്യങ്ങൾ വിവരിച്ചതും."[9]

പക്ഷേ, ശ്രീ അയ്യപ്പൻ; ലെനിൻ ഇത്രയും വലിയ ക്രൂരനാണെന്ന് അറിഞ്ഞായിരുന്നില്ല അദ്ദേഹത്തെ പുകഴ്ത്തിയിരുന്നത് എന്ന് വിചാരിക്കാം. ലോകത്ത് മുതലാളിത്തത്തിന് പകരം 'തൊഴിലാളിവർഗ സർവാധിപത്യം' വരുമെന്ന പ്രതീക്ഷയിൽ അതിന്റെ അപദാനങ്ങൾ പാടിപ്പുകഴ്ത്തിക്കൊണ്ടിരുന്ന സാഹചര്യത്തിലാണ് അയ്യപ്പനും കഥയറിയാതെ നാസ്തിക നൃത്തമാടിയത്. കേരളത്തിൽ കമ്യൂണിസവും യുക്തിവാദവും പരസ്പര സഹായ സഹകരണ സംഘമായാണ് നിലവിൽവന്നത്. കമ്യൂണിസ(പാർട്ടിക്ക്)ത്തിന് മെല്ലെ മെല്ലെ രാഷ്ട്രീയ സ്വാധീനം വളർ

ന്നതോടെ അടവുനയത്തിന്റെ ഭാഗമായി നിരീശ്വര വാദം (സ്വന്തം ആദർശം) ഒളിച്ചുവച്ച് മതേതര കപട മറതീർത്തു. 1984-86 കാലത്തെ ഇർഫാൻ ഹബീബ് തുടങ്ങി, ഇ.എം.എസ് ഏറ്റെടുത്ത ശരീഅത്ത് വിവാദവും അതിനോടനുബന്ധിച്ച് യുക്തിവാദികളും കമ്യൂണിസ്റ്റ്പാർട്ടിയും തമ്മിൽ; മതത്തെ നക്കിക്കൊല്ലണോ (കമ്യൂണിസ്റ്റ്പാർട്ടി) ഞെക്കിക്കൊല്ലണോ (യുക്തിവാദി സംഘം) എന്ന തർക്കം പാർട്ടിയും സംഘവും തമ്മിൽ അകൽച്ചക്ക് കാരണമായി.

മതത്തെ നക്കിക്കൊല്ലാൻ കമ്യൂണിസ്റ്റ് പാർട്ടി മുൻകയ്യെടുത്ത് സ്ഥാപിച്ച മതത്തിനെതിരെയുള്ള നാസ്തികപ്രവർത്തന പ്രചാരണ യന്ത്രങ്ങൾ തന്നെയാണ് പുരോഗമന കലാസാഹിത്യ സംഘവും (പുകസ) പ്രൈമറി അധ്യാപകർ മാത്രം ശാസ്ത്രജ്ഞൻമാരായുണ്ടായിരുന്ന കേരള ശാസ്ത്ര സാഹിത്യ പരിഷത്തും. അക്കാലത്ത് കൊച്ചുകുട്ടികളുടെ മസ്തിഷ്ക പ്രക്ഷാളനത്തിന് എൽ.പി സ്കൂളുകളിൽ ശാസ്ത്രക്കുപ്പായമിട്ട നാസ്തികർ മത്സരപരീക്ഷകളും ക്വിസ് പ്രോഗ്രാമുകളും മറ്റുമായി നിറഞ്ഞാടിയിരുന്നു. ഇന്ന് പരിഷത്ത് കേവലം തെർമോകൂൾ ചൂടാറാപ്പെട്ടിക്കകത്ത് അനന്തശയനത്തിലാണ്. പുകസയെ കുറിച്ച് കേട്ടുകേൾവി പോലുമില്ല. ഇന്നിവർക്കൊക്കെയുള്ള ഏകജോലി സ്വന്തം സ്വകാര്യ സ്വത്ത് സംരക്ഷണം മാത്രം! കമ്യൂണിസത്തെക്കുറിച്ച് ഇവിടെ പരാമർശിക്കാൻ കാരണം കമ്യൂണിസത്തിന്റെയും യുക്തിവാദത്തിന്റെയും ചരിത്രം കെട്ടുപിണഞ്ഞ് കിടക്കുന്നതുകൊണ്ടാണ്. ഒന്നില്ലെങ്കിൽ മറ്റേതുമില്ല. കേരളത്തിൽ അവയുടെ ചരിത്രം പരസ്പര പൂരകങ്ങളാണ്.

(സോഷ്യലിസം, സ്വകാര്യസ്വത്തിന്റെ ഉന്മൂലനം, തൊഴിലാളിവർഗ സർവാധിപത്യം, മാർക്സിയൻ എക്കോണമി, കമ്യൂണിസ്റ്റ് വ്യവസ്ഥിതി എന്നൊക്കെയുള്ള കപടലക്ഷ്യം പറഞ്ഞു; വൈരുധ്യാത്മക ഭൗതികവാദം, ചരിത്രപരമായ ഭൗതികവാദം, മാർകിസൻ എക്കോണമി എന്നീ അടിസ്ഥാന ശിലകളിൽ പടുത്തുയർത്തി, മനുഷ്യരക്തത്തിൽ വളർന്നുവന്ന കമ്യൂണിസം പക്ഷേ, പ്രയോഗവത്കരിച്ചത് എന്താണ്? മുതലാളിത്ത വ്യവസ്ഥിതിയിൽ ബൂർഷ്വകളും പെറ്റിബൂർഷ്വകളും സാധാരണക്കാരും തൊഴിലാളികളും ആണ് നിലനിൽക്കുന്നത്. ചൂഷണങ്ങളും നിലനിൽക്കുന്നു. വൻകിടക്കാർ സ്വാധീനം ഉപയോഗിച്ച് വീണ്ടും വീണ്ടും ബൂർഷ്വകൾ ആകുന്നു. എന്നാൽ കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ സർക്കാർ എന്ന കോർപറേറ്റ് സ്ഥാപനം മാത്രം നിലവിൽവരുന്നു. രാജ്യത്തെ പ്രജകൾ എല്ലാവരും ഒരു ഉടമസ്ഥാവകാശവും ഇല്ലാത്ത കേവലം സ്റ്റേറ്റ് എന്ന കോർപറേറ്റ് സ്ഥാപനത്തിന്റെ അടിമകൾ മാത്രമായി അധഃപതിക്കുന്നു. വൈരുധ്യാത്മക ഭൗതികവാദത്തിന് ശാസ്ത്രലോകത്ത് മാത്രമല്ല നാസ്തികർക്കിടയിൽ പോലും ചവറ്റുകുട്ടയിലാണ് സ്ഥാനം. ചരിത്രപരമായ ഭൗതികവാദം മനുഷ്യൻ തെരുവുനായ്ക്കളെ പോലെ ഒരെല്ലിൻ കഷ്ണത്തിന് കടിച്ചുകീറുന്ന, പരസ്പരസഹായ മനസ്സില്ലാത്ത, ദീനാനുകമ്പയില്ലാത്ത, അന്നത്തിനും പെണ്ണിനും വേണ്ടി കടിച്ചുകീറുന്ന ജന്തുവാണെന്ന് ഉദ്ഘോഷിക്കുന്നു. നാസ്തികർ അത്തരം ചിന്താഗതിക്കാർ തന്നെയാണ്. **(അവസാനിച്ചില്ല)**



**റഫറൻസ്:**


1. https://ml.wikipedia.org/wiki/ശ്രീനാരായണഗുരുപശ്ചാത്തലം

2. യുക്തിദർശനം, എ.ടി കോവൂർ ട്രസ്റ്റ്, കോഴിക്കോട്. പേജ് 761

3. (അവലംബം) https://ml.wikipedia.org/wiki/ശ്രീനാരായണഗുരു, https://ml.wikipedia.org/wiki/വക്കം അബ്ദുൽ ഖാദിർ മൗലവി, https://ml.wikipedia.org/wiki/സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള

4. https://ml.wikipedia.org/wikiസഹോദരൻ അയ്യപ്പൻ

5. https://en.wikipedia.org/whttps://ml.wikipedia.org/wiki/

https://ml.wikipedia.org/wiki/https://ml.wikipedia.org/wiki/iki/Nicholas_II_of_Russia

6. https://www.quora.com/HowmanypeoplediedduringtheRussianCivilWar

7. യുക്തിദർശനം, പേജ് 766

8. https://en.wikipedia.org/wiki/Bertrand_Russell#Between_the_wars

9. യുക്തിദർശനം, പേജ് 767

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 60, ഭാഗം: 3

# മുംതഹിന (പരീക്ഷിക്കപ്പെടേണ്ടവൾ)

(മദീനയിൽ അവതരിച്ചത്)

5. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ സത്യനിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും

6. തീർച്ചയായും നിങ്ങൾക്ക് -അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുന്നവർക്ക് -അവരിൽ ഉത്തമ മാതൃകയുണ്ടായിട്ടുണ്ട്. ആരെങ്കിലും തിരിഞ്ഞുകളയുന്നപക്ഷം തീർച്ചയായും അല്ലാഹു തന്നെയാകുന്നു പരാശ്രയമുക്തനും സ്തുത്യർഹനുമായിട്ടുള്ളവൻ.

7. നിങ്ങൾക്കും അവരിൽനിന്ന് നിങ്ങൾ ശത്രുത പുലർത്തിയവർക്കുമിടയിൽ അല്ലാഹു സ്നേഹബന്ധമുണ്ടാക്കിയേക്കാം. അല്ലാഹു കഴിവുള്ളവനാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا وَاغْفِرْ لَنَا رَبَّنَا ۖ إِنَّكَ
أَنتَ الْعَزِيزُ الْحَكِيمُ ﴿٥﴾
لَقَدْ كَانَ لَكُمْ فِيهِمْ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُو اللَّهَ وَالْيَوْمَ
الْآخِرَ ۚ وَمَن يَتَوَلَّ فَإِنَّ اللَّهَ هُوَ الْغَنِيُّ الْحَمِيدُ ﴿٦﴾ ۞
عَسَى اللَّهُ أَن يَجْعَلَ بَيْنَكُمْ وَبَيْنَ الَّذِينَ عَادَيْتُم مِّنْهُم مَّوَدَّةً ۚ
وَاللَّهُ قَدِيرٌ ۚ وَاللَّهُ غَفُورٌ رَّحِيمٌ ﴿٧﴾

6). വീണ്ടും അവരെ പിന്തുടരാനുള്ള പ്രേരണ ആവർത്തിക്കുന്നു. (തീർച്ചയായും നിങ്ങൾക്ക് അവരിൽ ഉത്തമ മാതൃക ഉണ്ടായിട്ടുണ്ട്) ഈ മാതൃക പിൻപറ്റൽ എല്ലാവർക്കും എളുപ്പമല്ല. അത് എളുപ്പമാകുന്നത് (അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുന്നവർക്ക്). വിശ്വാസവും പ്രതിഫലേച്ഛയും ഒരാൾക്ക് എല്ലാ പ്രയാസവും എളുപ്പമാക്കുന്നു. എല്ലാ ആധിക്യവും അവന് കുറവായി അനുഭവപ്പെടും. പ്രവാചകന്മാരെയും അല്ലാഹുവിന്റെ നല്ലവരായ അടിമകളെയും പിൻതുടരൽ അവന് നിർബന്ധമാണ്. അവന് തന്നെ അതിന് ആവശ്യമുള്ളവനായും അതിലേക്ക് വളരെയധികംനിർ

ബന്ധിതനായും കാണുന്നു. (ആരെങ്കിലും തിരിഞ്ഞുകളയുന്ന പക്ഷം) അല്ലാഹുവിനെ അനുസരിക്കാതെ അല്ലാഹുവിന്റെ പ്രവാചകന്മാരെ പിൻപറ്റാതെ. അതിന്റെ ദോഷം അവനു തന്നെ. അല്ലാഹുവിന് യാതൊന്നും സംഭവിക്കില്ല. (തീർച്ചയായും അല്ലാഹു തന്നെയാകുന്നു പരാശ്രയമുക്തനായിട്ടുള്ളവൻ) എല്ലാ നിലയ്ക്കും നിരുപാധികവും സമ്പൂർണവുമായ ഐശ്വര്യമുള്ളവൻ. ഒരു നിലയ്ക്കും തന്റെ സൃഷ്ടികളിലേക്ക് അവന് യാതൊരാവശ്യവുമില്ല. (സ്തുത്യർഹനും) അവന്റെ സത്തയിലും നാമങ്ങളിലും വിശേഷണങ്ങളിലും പ്രവർത്തനങ്ങളിലുമെല്ലാം അവൻ പ്രശംസിക്കപ്പെടേണ്ടവൻ തന്നെ.

7). പിന്നീട് അല്ലാഹു അറിയിക്കുന്നത് ബഹുദൈവ വിശ്വാസികളോട് ഉണ്ടാകണമെന്ന് കൽപിക്കുന്ന ഈ ശത്രുതയും നിർവഹിക്കാൻ പറഞ്ഞ കാര്യങ്ങളും അവർ ബഹുദൈവത്വത്തിലും നിഷേധത്തിലും ആയിരിക്കുമ്പോൾ മാത്രമാണ്. എന്നാൽ അവർ വിശ്വാസത്തിലേക്ക് മാറിയാൽ കാരണത്തോടൊപ്പം വിധിയും മാറും).

വിശ്വാസപരമായ സ്നേഹബന്ധം ഉണ്ടാകണം. അവർ വിശ്വാസത്തിലേക്ക് മടങ്ങുന്നതിൽ നിങ്ങൾ നിരാശപ്പെടരുത്. വിശ്വാസികളേ, (നിങ്ങൾക്കും അവരിൽനിന്ന് നിങ്ങൾ ശത്രുത പുലർത്തുന്നവർക്കുമിടയിൽ അല്ലാഹു സ്നേഹബന്ധം ഉണ്ടാക്കിയേക്കാം). അതിന്റെ കാരണം അവർ വിശ്വാസത്തിലേക്ക് മടങ്ങിയതാണ്. (അല്ലാഹു കഴിവുള്ളവനാണ്) എല്ലാറ്റിനും. ഹൃദയങ്ങൾക്ക് നേർമാർഗം നൽകി അതിനെ ഒരവസ്ഥയിൽനിന്ന് മറ്റൊരവസ്ഥയിലേക്ക് മാറ്റുന്നതും ആ കഴിവിൽ പെട്ടതുതന്നെ. (അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു) അവന് പൊറുക്കാൻ കഴിയാത്തത്ര വലിയ പാപമില്ല. അവന് മറച്ചുതരാൻ പറ്റാത്ത ന്യൂനതയും ഇല്ല.

قُلْ يَـٰعِبَادِىَ ٱلَّذِينَ أَسْرَفُوا۟ عَلَىٰٓ أَنفُسِهِمْ لَا تَقْنَطُوا۟ مِن رَّحْمَةِ ٱللَّهِ ۚ إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٥٣﴾

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെ പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നവനാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (39:53).

ആ സമയത്ത് ശത്രുക്കളായിരുന്ന ചില ബഹുദൈവ വിശ്വാസികൾ ഇസ്‌ലാം സ്വീകരിക്കുമെന്നതിലുള്ള സന്തോഷവാർത്തയും സൂചനയും ഇതിലുണ്ട്. വിശ്വാസികളുടെ ശത്രുക്കളായിരുന്നവരായിരുന്നു അവർ. അങ്ങനെ സംഭവിക്കുകയും ചെയ്തു.

8). സത്യനിഷേധികളോട് ശത്രുതപുലർത്താൻ പ്രചോദിപ്പിക്കുന്ന ഈ പരിശുദ്ധ വചനങ്ങൾ ഇറങ്ങിയപ്പോൾ സത്യവിശ്വാസികളെ അത് എല്ലാ നിലയ്ക്കും സ്വാധീനിച്ചു. അവരത് സമ്പൂർണമായി നിർവഹിച്ചു. ബഹുദൈവ വിശ്വാസികളായ തങ്ങളുടെ ബന്ധുക്കളോട് കുടുംബബന്ധം ചേർക്കൽ അവർ തെറ്റായി കണ്ടു. ഈ വിരോധത്തിൽ അതും ഉൾപ്പെടുമെന്ന് അവർ വിചാരിച്ചു. ഈ നിഷിദ്ധത്തിൽ അതുൾപ്പെടില്ലെന്ന് അല്ലാഹു അവരെ അറിയിച്ചു.

(മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതികാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതികാണിക്കുന്നവരെ ഇഷ്ടപ്പെടുന്നു).


ബഹുദൈവവിശ്വാസികളിൽ ബന്ധുക്കളും അല്ലാത്തവരുമായ ആളുകളോട് നീതികാണിക്കുന്നതിനും നല്ല രൂപത്തിൽ പ്രത്യുപകാരങ്ങൾ ചെയ്യുന്നതിനും കുടുംബബന്ധം ചേർക്കുന്നതിനും പുണ്യം ചെയ്യുന്നതിനും അല്ലാഹു നിങ്ങളെ വിരോധിക്കുന്നില്ല. മതകാര്യത്തിൽ നിങ്ങളോട് യുദ്ധത്തിനൊരുങ്ങാത്തവരും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാത്തവരുമായിരിക്കുന്ന അവസ്ഥയിൽ അവരുമായി ബന്ധം ചേർക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല. ഈ അവസ്ഥയിലുള്ള ബന്ധത്തെ നിങ്ങൾ ഭയപ്പെടേണ്ട കാര്യമായോ ദോഷമായോ കാണേണ്ടതില്ല. മക്കൾ മുസ്‌ലിംകളായ മാതാപിതാക്കളുടെ കാര്യത്തിൽ അല്ലാഹു പറഞ്ഞതതാണ്.

وَإِن جَـٰهَدَاكَ عَلَىٰٓ أَن تُشْرِكَ بِى مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا ۖ وَصَاحِبْهُمَا فِى ٱلدُّنْيَا مَعْرُوفًا

"നിനക്ക് യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കാൻ അവർ (മാതാപിതാക്കൾ) നിന്നോട് നിർബന്ധപൂർവം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ച് പോകരുത്. ഈ ലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും ചെയ്യുക" (31:15).

ഡോ: ഹാഫിസ് ജലാലുൽഹഖ് സലഫി, ആമയൂർ
mail@nerpatham.com





# പരിശുദ്ധ ക്വുർആനിലെ ഉപമാലങ്കാരങ്ങളിലൂടെ

2

സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസത്തിന്റെ മികച്ച ഒരു ഉപമ കാണുക; ക്വുർആൻ പറയുന്നു:

“അവൻ (അല്ലാഹു) ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്‌വരകളിലൂടെ അവയുടെ (വലുപ്പത്തിന്റെ) തോത് അനുസരിച്ച് വെള്ളമൊഴുകി. അപ്പോൾ ആ ഒഴുക്ക് പൊങ്ങിനിൽക്കുന്ന നുരയെ വഹിച്ചുകൊണ്ടാണ് വന്നത്. വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ തീയിലിട്ടു കത്തിക്കുന്ന ലോഹത്തിൽനിന്നും അതുപോലുള്ള നുരയുണ്ടാകുന്നു. അതുപോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു” (ക്വുർആൻ 13:17).

നിലനിൽപില്ലാത്ത രണ്ടുതരം പതകളെക്കുറിച്ചാണ് നാമിതിൽ കാണുന്നത്. ശക്തമായ മഴവർഷിക്കുമ്പോൾ മലഞ്ചെരിവുകളിലൂടെയും താഴ്‌വരകളിലൂടെയും പുഴകളിലൂടെയുമൊക്കെ ഒഴുകിവരുന്ന വെള്ളത്തിന്റെ ഉപരിഭാഗത്തായി നമുക്ക് ധാരാളം പതകളും നുരകളും ഒഴുകിവരുന്നതായി കാണാം. അപ്രകാരം തന്നെ സ്വർണം, വെള്ളി, ഇരുമ്പ് മുതലായ ലോഹങ്ങളും ഉരുക്കുമ്പോൾ നുരയും പതയും പുറത്തുവരാറുണ്ട്. ഈ രണ്ടുതരം പതകളും നുരകളുംകൊണ്ട് യാതൊരു പ്രയോജനവുമില്ല. വെള്ളത്തിലെ പത ചിന്നിച്ചിതറി നാമാവശേഷമാകുന്നു. ലോഹങ്ങളിലെ പത പുറംതള്ളപ്പെടുകയും ശേഷം ഇല്ലാതായി മാറുകയും ചെയ്യുന്നു. രണ്ടും ഉപകാരമില്ലാത്തതാണ്.

ലോഹം ഉരുക്കുമ്പോൾ ശുദ്ധമായ ലോഹം അവശേഷിക്കുകയും അത് ജനങ്ങൾക്ക് ഉപകാരപ്രദമാവുകയും പതഞ്ഞുപൊങ്ങുന്ന പത ഇല്ലാതാവുകയും ചെയ്യുന്നു. ശുദ്ധമായ മഴവെള്ളം ഭൂമിയിൽ തങ്ങിനിന്നോ ആഴ്ന്നിറങ്ങിയോ ബാക്കിയാവുകയും മനുഷ്യർക്കും കന്നുകാലികൾക്കും സസ്യലതാദികൾക്കുമെല്ലാം പ്രയോജനപ്പെടുകയും നുരയും പതയും നശിച്ചുപോവുകയും ചെയ്യുന്നു.

എന്താണ് ഈ ഉപമകളിലെ പാഠം? ശുദ്ധമായ ഇരുമ്പും വെള്ളവും ബാക്കിയാകുന്ന പോലെ സത്യം ബാക്കിയാവും. നുരയും പതയും താമസംവിനാ നശിച്ചുപോകുന്നപോലെ അസത്യം നശിച്ചുപോകും. നമ്മുടെ ജീവിതത്തിന്റെ ഒഴുക്കിലെ മുകൾപരപ്പിൽ കാണപ്പെടുന്ന അസത്യത്തിന്റെ നുരയും പതയും പ്രത്യക്ഷത്തിൽ ആകർഷകമായി തോന്നുമെങ്കിലും അതിനൊന്നും അധികം ആയുസ്സുണ്ടാകില്ല. എന്നാൽ സത്യം എന്നെന്നും അവശേഷിക്കും. അതിന്റെ പ്രയോജനം അണമുറിയാതെ ലഭിച്ചുകൊണ്ടിരിക്കും.

സത്യസന്ദേശത്തെയും നന്മയെയുമൊക്കെ ആളുകൾ പ്രയോജനപ്പെടുത്തുന്നത് വ്യത്യസ്ത രൂപത്തിലും തരത്തിലുമായിരിക്കും. നന്മയെ സ്വീകരിക്കുന്നതിൽ സത്യവിശ്വാസികളിൽതന്നെ നമുക്ക് ധാരാളം ഏറ്റക്കുറച്ചിലുകൾ കാണാൻ കഴിയുന്നതാണ്. എത്രത്തോളം നന്മയെ ഒരു സത്യവിശ്വാസി ഉപയോഗപ്പെടുത്തുന്നുവോ അതിനനുസരിച്ചുള്ള പ്രതിഫലം അല്ലാഹു നൽകുന്നതാണ്.

ഇക്കാര്യം ഒരു നബിﷺ നമുക്ക് ഉപമയുടെ രൂപത്തിൽ വിവരിച്ച് തന്നിട്ടുണ്ട്.

അബൂ മൂസൽഅശ്അരി(റ) നിവേദനം; നബിﷺ പറഞ്ഞു: "അല്ലാഹു എന്നെ നിയോഗിച്ചയച്ച സത്യസന്ദേശത്തിന്റെയും അറിവിന്റെയും ഉദാഹരണം ഒരു മഴയുടേതു പോലെയാകുന്നു. മഴ ഏതെങ്കിലും പ്രദേശത്ത് ബാധിച്ചാൽ ആ വെള്ളം ശേഖരിച്ച് പുല്ലുകളും ധാരാളം സസ്യങ്ങളും ഒരു വിഭാഗം ആളുകൾ അതുകൊണ്ട് മുളപ്പിക്കുന്നു. അവയിൽ വരണ്ട പ്രദേശങ്ങളുമുണ്ടാവാം. അത്തരം പ്രദേശങ്ങൾ മഴവെള്ളം തടഞ്ഞുവെക്കുകയോ, അല്ലെങ്കിൽ സസ്യങ്ങളെ ഉൽപാദിപ്പിക്കുകയോ ചെയ്യുകയില്ല. അല്ലാഹുവിന്റെ മതത്തിൽ അറിവു നേടുകയും അല്ലാഹു എന്നെ നിയോഗിച്ച കാര്യം അവൻ പ്രയോജനപ്പെടുത്തുകയും അറിയുകയും അറിയിക്കുകയും പഠിപ്പിക്കുകയും ചെയ്തവരുടെയും അതിലേക്ക് ശ്രദ്ധിക്കാതെയും സന്മാർഗം സ്വീകരിക്കാത്തവരുടെയും ഉപമയാണത്" (ബുഖാരി).

### ഐഹിക ജീവിതത്തിന്റെ ഉപമ

അല്ലാഹു പറയുന്നു: "നാം ആകാശത്തുനിന്ന് വെള്ളം ഇറക്കിയിട്ട് അതുമൂലം മനുഷ്യർക്കും കാലികൾക്കും ഭക്ഷിക്കാനുള്ള ഭൂമിയിലെ സസ്യങ്ങൾ ഇടകലർന്നുവളർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരമണിയുകയും, അത് അഴകാർന്നതാകുകയും, അവയൊക്കെ കരസ്ഥമാക്കാൻ തങ്ങൾക്ക് കഴിയുമാറായെന്ന് അതിന്റെ ഉടമസ്ഥർ വിചാരിക്കുകയും ചെയ്തപ്പോഴതാ ഒരു രാത്രിയോ പകലോ നമ്മുടെ കൽപന അതിന് വന്നെത്തുകയും, തലേദിവസം അവയൊന്നും അവിടെ നിലനിന്നിട്ടേയില്ലാത്ത മട്ടിൽ നാമവയെ ഉൻമൂലനം ചെയ്യപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്യുന്നു. ഇതുപോലെ മാത്രമാകുന്നു ഐഹികജീവിതത്തിന്റെ ഉ

> **എത്രതന്നെ സമ്പത്തുണ്ടായാലും ആരോഗ്യമുണ്ടായാലും ഏറ്റവും നല്ല സ്വഭാവത്തിന്റെ ഉടമയായാലും എത്ര സുഖസൗകര്യങ്ങൾ ഉണ്ടായാലും അതിനൊന്നും സ്ഥായീഭാവമില്ല. ഏതു സമയത്തും നിലച്ചുപോകാവുന്നതാണ് അതെല്ലാം. അതിനാൽ നാം പണിയെടുക്കേണ്ടത് ശാശ്വതജീവിത വിജയത്തിനുവേണ്ടിയായിരിക്കണം; കബളിപ്പിക്കപ്പെടുന്ന ഐഹിക ജീവിതത്തിൽ വഞ്ചിതരായിക്കൂടാ. ക്വുർആൻ വളരെ വ്യക്തമായി അക്കാര്യം നമ്മെ പഠിപ്പിക്കുന്നു**

> **അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്തവർക്ക് അഥവാ ശരിയായ വിശ്വാസം ഉൾക്കൊള്ളാത്തവർക്ക് അവരുടെ കർമങ്ങൾകൊണ്ട് പരലോകത്ത് ഒരു നേട്ടവും ഉണ്ടാവില്ല. ഭൗതിക ജീവിതത്തിലെ പേരും പ്രശസ്തിയുമല്ലാതെ ഒന്നും അവർ ആഗ്രഹിച്ചിരുന്നില്ല. കൊടുങ്കാറ്റിൽ പെട്ട വെണ്ണീർ ഒരു തരിമ്പുപോലും ബാക്കിയാവാതെ പാറിപ്പോകുന്ന പോലെ ഇവരുടെ കർമങ്ങളും ധൂളികളായി മാറും. ദുഷ്കർമങ്ങൾ ആരു ചെയ്താലും അതിന് ശിക്ഷയുണ്ടായിരിക്കും; അതിൽ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വേർതിരിവില്ല. ഭൗതിക നേട്ടങ്ങൾ ലക്ഷ്യം വെച്ച് വിശ്വാസികൾ നന്മകൾ ചെയ്താലും അല്ലാഹുവിങ്കൽ അത് സ്വീകാര്യമല്ല. ഇതെല്ലാമാണ് ക്വുർആനിലെ ഉപമയിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്.**

പമ. ചിന്തിക്കുന്ന ആളുകൾക്കുവേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു" (ക്വുർആൻ 10:24).

മനുഷ്യർ ജീവിതത്തിന്റെ തിരക്കിലാണ്. സ്വപ്നങ്ങൾക്ക് ജീവൻ നൽകാൻ അവൻ കഠിനമായി അധ്വാനിച്ചുകൊണ്ടിരിക്കുന്നു. പലരുടെയും നിലപാടു കണ്ടാൽ ഇഹലോകജീവിതം ശാശ്വതമാണെന്ന് ഇവർ വിചാരിക്കുന്നുവോ എന്നു തോന്നും. അത്രമാത്രം ഇഹലോകത്തോട് അവർ പ്രതിപത്തി കാണിക്കുന്നു. എത്ര ലഭിച്ചാലും അവർക്ക് തികയുന്നില്ല. അനുദിനം ആഗ്രഹങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. നേടിയെടുത്തതെല്ലാം എന്റെതാണ്, എന്റെ മാത്രം കഴിവുകൊണ്ട് കിട്ടിയതാണ് എന്ന് അഹങ്കരിക്കുന്നു.

ഇത്തരക്കാരുടെ ബുദ്ധിയെ തൊട്ടുണർത്തുന്നതാണ് മുകളിലുള്ള വചനത്തിലെ ഇഹലോകത്തിന്റെ ഉപമ. വളരെ ലളിതമായി മനസ്സിലാക്കാൻ പറ്റിയ രൂപത്തിലാണ് അല്ലാഹു ഈ ഉപമ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഭൂമിയിൽ മഴ പെയ്യുകയും വിവിധതരത്തിലുള്ള ചെടികളും സസ്യങ്ങളും ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. സസ്യങ്ങളാലും അവ നൽകുന്ന ഉൽപന്നങ്ങളാലും ഭൂമി വളരെ അലംകൃതമായിത്തീരുന്നു. അങ്ങനെ ഉടമസ്ഥർ ഫലമെടുക്കാൻ തയ്യാറാകുന്നു. അപ്പോഴാണ് പൊടുന്നനെ അവയെല്ലാം നശിപ്പിക്കപ്പെടുന്നത്. മുമ്പ് അവിടെ യാതൊന്നും ഉണ്ടായിരുന്നില്ലെന്ന് തോന്നുന്ന രൂപത്തിൽ സമൂലം നശിച്ച കാഴ്ചയാണ് കാണുന്നത്.

ഇതാണ് ഐഹിക ജീവിതത്തിന്റെ അവസ്ഥ! തന്റെ കാര്യങ്ങളെല്ലാം സുരക്ഷിതമാണ്. ഒന്നും ഭയപ്പെടാനില്ല. എല്ലാംകൊണ്ടും താൻ ധന്യനാണ്. ഇവിടുത്തെ സുഖസൗകര്യങ്ങളെല്ലാം ഒരുപാടുകാലം എനിക്ക് ആസ്വദിച്ചു ജീവിക്കാം എന്നൊക്കെ ചിന്തിച്ചിരിക്കുന്ന ഘട്ടത്തിലായിരിക്കും മരണം കടന്നു വരുന്നത്. അതോടെ എല്ലാം അവസാനിക്കുന്നു!

എത്രതന്നെ സമ്പത്തുണ്ടായാലും ആരോഗ്യമുണ്ടായാലും ഏറ്റവും നല്ല സ്വഭാവത്തിന്റെ ഉടമയായാലും എത്ര സുഖസൗകര്യങ്ങൾ ഉണ്ടായാലും അതിനൊന്നും സ്ഥായീഭാവമില്ല. ഏതു സമയത്തും നിലച്ചുപോകാവുന്നതാണ് അതെല്ലാം. അതിനാൽ നാം പണിയെടുക്കേണ്ടത് ശാശ്വതജീവിത വിജയത്തിനു വേണ്ടിയായിരിക്കണം; കബളിപ്പിക്കപ്പെടുന്ന ഐഹിക ജീവിതത്തിൽ വഞ്ചിതരായിക്കൂടാ. ക്വുർആൻ വളരെ വ്യക്തമായി അക്കാര്യം നമ്മെ പഠിപ്പിക്കുന്നു:

"ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല"(ക്വുർആൻ 3:185).

"നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതുമൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 57:20).

ഏതു സമയത്തും അവസാനിക്കാവുന്ന താൽക്കാലികമായ ജീവിതത്തിന് മുൻഗണന നൽകാതെ അനശ്വരമായ ശാശ്വതമായ ജീവിതത്തിന് പ്രാധാന്യം നൽകി ജീവിക്കാൻ കഴിയുന്നവരാണ് ഭാഗ്യവാന്മാർ.

## സത്യനിഷേധികളുടെ കർമങ്ങളുടെ ഉപമ

ഏകദൈവവിശ്വാസമാണ് ഇസ്‌ലാമിന്റെ ജീവൻ; അതുതന്നെയാണ് അടിത്തറയും അടിവേരും. അതിന്നെതിരായ ഒരു വിശ്വാസവും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ബഹുദൈവവിശ്വാസം ശാശ്വത നരകശിക്ഷക്ക് കാരണമാകുന്നതാണ്. ഒരാളുടെ വിശ്വാസം ശരിയല്ലെങ്കിൽ അവനിൽനിന്ന് ഒരു പ്രവർത്തനവും അല്ലാഹു സ്വീകരിക്കുകയില്ല. കർമങ്ങളുടെ സ്വീകാര്യത യഥാർഥ വിശ്വാസത്തെ ആശ്രയിച്ചാണ്. അല്ലാഹു പറയുന്നു:

"തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽനിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അതുതന്നെയാണ് വിദൂരമായ മാർഗഭ്രംശം" (ക്വുർആൻ 14:18).

വിശ്വാസം (ഈമാൻ) എന്നത് മനസ്സുകൊണ്ട് വിശ്വസിക്കലും നാവുകൊണ്ട് പ്രഖ്യാപിക്കലും അവയവങ്ങൾ കൊണ്ട് പ്രവർത്തിക്കലുമാണല്ലോ. ഇവ പുണ്യങ്ങൾ ചെയ്യുന്നതിനനുസൃതമായി വിശ്വാസം വർധിക്കുകയും പാപം ചെയ്യുന്നത് വർധിക്കുകയാണെങ്കിൽ ഈമാൻ കുറയുകയും ചെയ്യും.

ഇഹലോകത്ത് സത്യനിഷേധികൾ ചെയ്യുന്ന ദാനധർമങ്ങൾ, പൊതുപ്രവർത്തനങ്ങൾ, മറ്റു നല്ലകാര്യങ്ങൾ, നല്ല സ്വഭാവം തുടങ്ങിയ ഒന്നുകൊണ്ടും പരലോകത്ത് ഒന്നും നേടിയെടുക്കാൻ അവർക്ക് സാധ്യമല്ല. കനത്ത കാറ്റടിച്ചാൽ വെണ്ണീർ പാറിപ്പോകുന്ന പോലെ അവരുടെ കർമങ്ങൾ ഫലശൂന്യമായിത്തീരും. മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു:

"സത്യനിഷേധികൾ നരകത്തിനു മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം (അവരോട് പറയപ്പെടും:) ഐഹികജീവിതത്തിൽ നിങ്ങളുടെ നല്ല വസ്തുക്കളെല്ലാം നിങ്ങൾ പാഴാക്കിക്കളയുകയും നിങ്ങൾ അവകൊണ്ട് സുഖമനുഭവിക്കുകയും ചെയ്തു. അതിനാൽ ന്യായം കൂടാതെ നിങ്ങൾ ഭൂമിയിൽ അഹംഭാവം നടിച്ചിരുന്നതിന്റെ ഫലമായും നിങ്ങൾ ധിക്കാരം കാണിച്ചിരുന്നതിന്റെ ഫലമായും ഇന്നു നിങ്ങൾക്ക് അപമാനകരമായ ശിക്ഷ പ്രതിഫലമായി നൽകപ്പെടുന്നു" (ക്വുർആൻ 46:20).

"അവർ പ്രവർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും" (ക്വുർആൻ 25:23).

അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്തവർക്ക് അഥവാ ശരിയായ വിശ്വാസം ഉൾകൊള്ളാത്തവർക്ക് അവരുടെ കർമങ്ങൾകൊണ്ട് പരലോകത്ത് ഒരു നേട്ടവും ഉണ്ടാവില്ല. ഭൗതിക ജീവിതത്തിലെ പേരും പ്രശസ്തിയുമല്ലാതെ ഒന്നും അവർ ആഗ്രഹിച്ചിരുന്നില്ല. കൊടുങ്കാറ്റിൽ പെട്ട വെണ്ണീർ ഒരു തരിമ്പുപോലും ബാക്കിയാവാതെ പാറിപ്പോകുന്ന പോലെ ഇവരുടെ കർമങ്ങളും ധൂളികളായി മാറും. ദുഷ്കർമങ്ങൾ ആരു ചെയ്താലും അതിന് ശിക്ഷയുണ്ടായിരിക്കും; അതിൽ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വേർതിരിവില്ല. ഭൗതിക നേട്ടങ്ങൾ ലക്ഷ്യം വെച്ച് വിശ്വാസികൾ നന്മകൾ ചെയ്താലും അല്ലാഹുവിങ്കൽ അത് സ്വീകാര്യമല്ല. ഇതെല്ലാമാണ് ഈ ഉപമയിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്. **(അവസാനിച്ചില്ല)**





റഫീക്ക് കൊടുവായൂർ
mail@nerpatham.com

ലേഖനം

# നമസ്കാരം: ചില ചിന്തകൾ

അല്ലാഹു സൃഷ്ടിച്ച എല്ലാ അചേതന, സചേതന വസ്തുക്കളും അല്ലാഹുവിന്റെ പ്രാപഞ്ചിക നിയമത്തെ നിർബന്ധമായോ അനുസരണയോടുകൂടിയോ പാലിച്ചുപോരുന്നുണ്ട്. നാം അറിഞ്ഞതും അറിയാത്തതുമായ വസ്തുക്കൾ മുഴുവനും അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ് പ്രപഞ്ചത്തിൽ നിലകൊള്ളുന്നത്. അല്ലാഹു പറയുന്നു:

“രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കൽപനയാൽ വിധേയമാക്കപ്പെട്ടത് തന്നെ. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്” (ക്വുർആൻ 16:12).

അല്ലാഹുവിന്റെ അറിവിൽ പെടാത്ത ഒരു വസ്തുവും ഈ പ്രപഞ്ചത്തിൽ നിലകൊള്ളുന്നില്ല. ഒരു ഇല പോലും വീഴുന്നില്ല; അല്ലാഹു അറിയാതെ!

“അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല” (ക്വുർആൻ 6:59).

അല്ലാഹുവിന്റെ സൃഷ്ടികളിൽ മനുഷ്യവർഗത്തിലും ജിന്നുവർഗത്തിലുംപെട്ട കുറെ പേർ ഒഴികെ എല്ലാം അല്ലാഹുവിന് പ്രണാമം അർപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

“ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും, പർവതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും, മനുഷ്യരിൽ കുറെപേരും അല്ലാഹുവിന് പ്രണാമം അർപ്പിച്ചുകൊണ്ടിരിക്കുന്നു എന്നു നീ കണ്ടില്ലേ? (വേറെ) കുറെപേരുടെ കാര്യത്തിൽ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു...” (ക്വുർആൻ 22:18).

മനുഷ്യരല്ലാത്തവയുടെ പ്രകീർത്തനങ്ങളും സ്തുതികളും നമ്മുടെ പഞ്ചേന്ദ്രിയങ്ങൾകൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതല്ല.

മനുഷ്യന് ആവശ്യമായ എല്ലാ നിർദേശങ്ങളും ഉപദേശങ്ങളും വഴികാട്ടിയുമായിക്കൊണ്ട് അല്ലാഹു അവന്റെ അവസാന വേദഗ്രന്ഥമായ ക്വുർആൻ അവതരിപ്പിച്ചു. അന്തിമദൂതൻﷺ അതിന്റെ പ്രായോഗികമാർഗം കാണിച്ചുതരികയും ചെയ്തു. ഉത്തമ സമൂഹമായി ജീവിച്ച് പ്രവാചകാനുചരന്മാർ ലോകത്തിന് മാതൃകയാവുകയും ചെയ്തു. അതെല്ലാം വ്യക്തമായി രേഖപ്പെടുത്തപ്പെടുകയും ചെയ്തിരിക്കുന്നു. എല്ലാം മനുഷ്യർക്ക് വേണ്ടിയുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്.

മനുഷ്യർക്ക് എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ നൽകിയ അല്ലാഹു അവനെ മാത്രം ആരാധിച്ച് നന്ദികാണിച്ചു ജീവിക്കണം എന്നാണ് കൽപിക്കുന്നത്. ആരാധനയുടെയും നന്ദികാണിക്കുന്ന പ്രക്രിയയുടെയും മൂർത്തഭാവമാണ് നമസ്കാരം. അത് യാന്ത്രികമായി ചെയ്തുതീർക്കേണ്ട ഒരു പ്രവർത്തനമല്ല.

നമസ്കാരം തന്റെ ജീവിതത്തെ എത്രകണ്ട് സ്വാധീനിക്കുന്നു; എത്രകണ്ട് തന്നിൽ പരിവർത്തനമുണ്ടാക്കുന്നു എന്ന് ഓരോ വിശ്വാസിയും ചിന്തിക്കണം. ആത്മീയമായ ഉൽക്കർഷം നേടിത്തരുന്നതാവണം നമസ്കാരം. അത് വിശ്വാസിക്ക് മനക്കരുത്തും പ്രതീക്ഷയും നൽകുന്ന ഒരു ആരാധനയാണ്.

“സത്യവിശ്വാസികളേ, നിങ്ങൾ സഹനവും നമസ്കാരവും മൂലം (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു” (ക്വുർആൻ 2:153).

ചെയ്തുപോയ ദുഷ്കർമങ്ങൾ പൊറുക്കപ്പെടുവാൻ നമസ്കാരം പോലുള്ള സൽകർമങ്ങൾ കൊണ്ട് സാധിക്കുമെന്ന് അല്ലാഹു അറിയിക്കുന്നു:

“പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയുടെ അന്ത്യയാമങ്ങളിലും നീ നമസ്കാരം മുറപോലെ നിർവഹിക്കുക. തീർച്ചയായും സൽകർമങ്ങൾ ദുഷ്കർമങ്ങളെ നീക്കിക്കളയുന്നതാണ്. ചിന്തിച്ചുഗ്രഹിക്കുന്നവർക്ക് ഒരു ഉൽബോധനമാണത്” (ക്വുർആൻ 11:114).

നമസ്കാരം സമയം നിർണയിക്കപ്പെട്ട ആരാധനയാണ്:

“...തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു” (ക്വുർആൻ 4:103).

അല്ലാഹുവിനെ സ്മരിക്കുവാൻ വേണ്ടിയാണ് നമസ്കാരം:

“തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും എന്നെ ഓർമിക്കുന്നതിനായി ന

> **മനുഷ്യന് ആവശ്യമായ എല്ലാ നിർദേശങ്ങളും ഉപദേശങ്ങളും വഴികാട്ടിയുമായിക്കൊണ്ട് അല്ലാഹു അവന്റെ അവസാന വേദഗ്രന്ഥമായ ക്വുർആൻ അവതരിപ്പിച്ചു. അന്തിമദൂതൻ(സ്വ) അതിന്റെ പ്രായോഗികമാർഗം കാണിച്ചുതരികയും ചെയ്തു. ഉത്തമ സമൂഹമായി ജീവിച്ച് പ്രവാചകാനുചരന്മാർ ലോകത്തിന് മാതൃകയാവുകയും ചെയ്തു. അതെല്ലാം വ്യക്തമായി രേഖപ്പെടുത്തപ്പെടുകയും ചെയ്തിരിക്കുന്നു. എല്ലാം മനുഷ്യർക്ക് വേണ്ടിയുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. മനുഷ്യർക്ക് എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ നൽകിയ അല്ലാഹു അവനെ മാത്രം ആരാധിച്ച് നന്ദികാണിച്ചു ജീവിക്കണം എന്നാണ് കൽപിക്കുന്നത്. ആരാധനയുടെയും നന്ദികാണിക്കുന്ന പ്രക്രിയയുടെയും മൂർത്തഭാവമാണ് നമസ്കാരം.**

മസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക" (ക്വുർആൻ 20:14).

നമസ്കാരം നിർഭയത്വം നൽകുന്നു. നാളെ പരലോകത്ത് ദുഃഖിക്കേണ്ട അവസ്ഥയുണ്ടാകാതിരിക്കാൻ നമസ്കാരം മുറപ്രകാരം നിർവഹിക്കേണ്ടതുണ്ട്:

"വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല" (ക്വുർആൻ 2:277).

ക്വുർആനിൽ നമസ്കാരത്തെ കുറിച്ച് പറയുന്ന ധാരാളം സ്ഥലങ്ങളിൽ 'മുറപ്രകാരം' നിർവഹിക്കണമെന്ന് പ്രത്യേകം പറയുന്നതായി കാണാം. മുറപ്രകാരം തന്നെയാണോ തന്റെ നമസ്കാരമെന്ന് ഓരോരുത്തരും ആലോചിക്കേണ്ടതുണ്ട്. പാലിക്കേണ്ട എല്ലാ മര്യാദകളും പാലിച്ചുകൊണ്ട് സമയബന്ധിതമായി ചെയ്യുമ്പോഴാണ് അത് മുറപ്രകാരമാകുന്നത്.

അല്ലാഹുവിന്റെ മുമ്പിലാണ് നിൽക്കുന്നത് എന്ന ബോധം പരമപ്രധാനമാണ്. നമസ്കാരത്തിന്റെ ആരംഭം മുതൽ അതിലെ ഓരോ കർമത്തിലേക്ക് പ്രവേശിക്കുമ്പോഴും 'അല്ലാഹു അക്ബർ' (അല്ലാഹുവാണ്ഏറ്റവും വലിയവൻ) എന്നാണ് പറയുന്നത്. ആ വാക്കിന്റെ അർഥവ്യാപ്തിയും ഗാംഭീര്യവും എത്രകണ്ട് മനസ്സിലാക്കിയിട്ടാണ് നാം നമസ്കരിക്കാറുള്ളത്?

മനുഷ്യന്റെ കണ്ടെത്തലുകൾക്കുമപ്പുറം അതിവിശാലമായ പ്രപഞ്ചത്തെ അടക്കിഭരിക്കുന്ന, നിയന്ത്രിക്കുന്ന, കാര്യങ്ങളുടെ കാരണങ്ങൾ ഉണ്ടാക്കുന്ന സ്രഷ്ടാവിന്റെ ശക്തിയും കഴിവും മനുഷ്യൻ എന്ന ചെറുജീവിയുടെ നിസ്സാരതയും ദുർബലതയും 'അല്ലാഹു അക്ബർ' എന്നു പറയുന്നതിലൂടെ നാം അംഗീകരിക്കുകയാണ്. തന്റെ എല്ലാ കാര്യങ്ങളും ഭരമേൽപിക്കാൻ അവനെക്കാളും കഴിവുറ്റവനും വലിയവനും വേറെയില്ല എന്ന്, അർഥമറിഞ്ഞ് അത് ചൊല്ലുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിയെത്താതിരിക്കില്ല.

പ്രാരംഭ പ്രാർഥനയിലാകട്ടെ സർവവും സൃഷ്ടിച്ചു പരിപാലിക്കുന്നവനിൽ എന്റെ സർവസ്വവും ഞാൻ സമർപ്പിച്ചിരിക്കുന്നു, ഞാൻ ഋജുമനസ്കനായ മുസ്ലിമാണ്; ഞാൻ മുശ്രിക്കുകളിൽ പെട്ടവനല്ല എന്ന പ്രഖ്യാപനമാണുള്ളത്. അതുപോലെ നമസ്കാരത്തിൽ പാരായണം ചെയ്യുന്ന ക്വുർആൻ വചനങ്ങളുടെയും പ്രാർഥനകളുടെയും പ്രകീർത്തനങ്ങളുടെയുമെല്ലാം അർഥം മനസ്സിലാക്കുന്നുവെങ്കിൽ ആ കർമം കൂടുതൽ ശ്രദ്ധയോടെയും ആത്മാർഥമായും മനസ്സാന്നിധ്യത്തോടെയും നിർവഹിക്കുവാൻ സാധിക്കുമെന്നതിൽ സംശയമില്ല.

നമസ്കാരം മുറപ്രകാരം അതിന്റെ അന്തസ്സത്ത ഉൾക്കൊണ്ടു നിർവഹിക്കുന്നവർക്ക് മ്ലേഛമായ കാര്യങ്ങളിൽ ഏർപ്പെടാൻ കഴിയുകയില്ല. അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കുവാൻ കഴിയില്ല. നിഷദ്ധമായ മാർഗത്തിൽ സമ്പാദിക്കാനും അനാവശ്യമാർഗത്തിൽ ചെലഴിക്കാനും സാധിക്കില്ല.

"തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമത്തിൽനിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യംതന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു" (29:45).

ഭയഭക്തിയോടെയാവണം നമസ്കാരം; അവർക്കാണ് വിജയമുള്ളത്:

"തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരും അനാവശ്യകാര്യത്തിൽനിന്ന് തിരിഞ്ഞുകളയുന്നവരും സകാത്ത് നിർവഹിക്കുന്നവരുമായ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു" (ക്വുർആൻ 23:1-4).

"സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ..." (23:1,2).

നമസ്കരിക്കാത്ത, അധർമങ്ങളിൽ മുഴുകി ജീവിച്ച ആളുകൾ നരകശിക്ഷ അനുഭവിക്കുന്ന വേളയിൽ സ്വർഗവാസികൾ അവരോട് ചോദിക്കുന്ന ചോദ്യവും അവരുടെ മറുപടിയും ഓരോ വിശ്വാസിയുടെയും മനസ്സിൽ തങ്ങിനിൽക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

"ഓരോ വ്യക്തിയും താൻ സമ്പാദിച്ചുവെച്ചതിന് പണയപ്പെട്ടവനാകുന്നു; വലതുപക്ഷക്കാരൊഴികെ. ചില സ്വർഗത്തോപ്പുകളിലായിരിക്കും അവർ. അവർ അന്വേഷിക്കും; കുറ്റവാളികളെപ്പറ്റി, നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചത് എന്തൊന്നാണെന്ന്. അവർ (കുറ്റവാളികൾ) മറുപടി പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായില്ല. ഞങ്ങൾ അഗതിക്ക് ആഹാരം നൽകുമായിരുന്നില്ല. തോന്നിവാസത്തിൽ മുഴുകുന്നവരുടെ കൂടെ ഞങ്ങളും മുഴുകുമായിരുന്നു. പ്രതിഫലത്തിന്റെ നാളിനെ ഞങ്ങൾ നിഷേധിച്ചുകളയുമായിരുന്നു" (ക്വുർആൻ 74:38:46).

"എന്നിട്ട് അവർക്ക് ശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തൻമൂലം ദുർമാർഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതാണ്" (ക്വുർആൻ 19:59).

സ്വർഗത്തിലേക്ക് നയിക്കുന്ന ഈ മഹത്തായ കർമം ആത്മാർഥതയില്ലാതെ, ലോകമാന്യത്തിനു വേണ്ടി, അശ്രദ്ധമായാണ് നിർവഹിക്കുന്നതെങ്കിൽ നരകത്തിലേക്ക് എത്തിക്കുന്ന അവസ്ഥയാണുണ്ടാവുക എന്ന കാര്യം മനസ്സിലാക്കാതെ പോകരുത്.

"എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം; തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായ, ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരായ, പരോപകാര വസ്തുക്കൾ മുടക്കുന്നവരുമായ" (ക്വുർആൻ 107:4-7).

നമസ്കാരത്തിലെ കർമങ്ങൾ പൂർണമായി ചെയ്യാതിരിക്കൽ അശ്രദ്ധയും ആത്മാർഥതയില്ലായ്മയുമാണ്. നബിﷺ പറഞ്ഞു:

'നമസ്കാരത്തിലുള്ള കള്ളത്തരമാണ് ഏറ്റവും വലിയ കളവ്.' അവർ (സ്വഹാബികൾ) ചോദിച്ചു: 'നമസ്കാരത്തിലെങ്ങനെയാണ് കളവ്?' നബിﷺ പറഞ്ഞു: 'റുകൂഉം സുജൂദും പൂർണമായി നിർവഹിക്കാതിരിക്കൽ' (അഹ്മദ്, അൽബാനി-സ്വഹീഹുൽ ജാമിഅ്).

നമസ്കാരത്തിൽ അടങ്ങിപ്പാർക്കാതിരിക്കൽ, റുകൂഇലും സുജൂദിലും മുതുക് നേരെ ഉറപ്പിക്കാതിരിക്കൽ, ഇഅ്തിദാലിൽ നേരെ നിവരാതിരിക്കൽ, ഇരുത്തത്തിൽ നേരേചൊവ്വെ ഇരിക്കാതിരിക്കൽ തുടങ്ങിയ വീഴ്ചകളെല്ലാം പൊതുവെ കാണപ്പെടുന്നതാണ്. 'ത്വുമഅ്നീനത്ത്' അഥവാ നമസ്കാരത്തിൽ അടക്കവും ഒതുക്കവും പാലിക്കൽ നമസ്കാരത്തിന്റെ നിർബന്ധഘടകമാണ് എന്ന കാര്യം പലർക്കുമറിയില്ല.

'റുകൂഇലും സുജൂദിലും മുതുക് നേരെയാക്കുന്നത് വരെ നമസ്കാരം ശരിയാവുകയില്ല' (അബൂദാവൂദ്, അൽബാനി-സ്വഹീഹുൽ ജാമിഅ്).



അബൂ അബ്ദില്ല അൽഅശ്അരി പറയുന്നു: അല്ലാഹുവിന്റെ റസൂൽﷺ അവിടത്തെ സ്വഹാബികളുമായി നമസ്കരിച്ച ശേഷം അവരിൽ ഒരു വിഭാഗത്തോടൊപ്പമിരുന്നു. അപ്പോൾ ഒരാൾ പ്രവേശിക്കുകയും നിന്ന് നമസ്കാരം തുടങ്ങുകയും ചെയ്തു. തുടർന്ന് റുകൂഅ് ചെയ്യുകയും സുജൂദിൽ പക്ഷികൾ കൊത്തിപ്പെറുക്കുംപോലെ പൊടുന്നനെ കുമ്പിട്ട് നിവരുകയും ചെയ്തു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: "ഇത് നിങ്ങൾ കണ്ടുവോ? വല്ലവനും ഈ രീതിയിലാണ് മരിക്കുന്നതെങ്കിൽ മുഹമ്മദിന്റ മില്ലത്തിലല്ല അവൻ മരണമടഞ്ഞത്. നമസ്കാരത്തിൽ കാക്ക രക്തം കൊത്തിയെടുക്കുന്നത് പോലെയാണ് അവൻ പെറുക്കുന്നത്. റുകൂഅ് ചെയ്യുകയും സുജൂദിൽ കൊത്തിപ്പെറുക്കും പോലെ പെട്ടെന്ന് കുമ്പിട്ട് നിവരുകയും ചെയ്യുന്നവൻ ഒന്നോ രണ്ടോ കാരക്ക തിന്ന് വിശപ്പടക്കുന്ന, വിശന്ന് അവശനായവനെപ്പോലെയാണ്. ആ കാരക്കകൾ വിശപ്പിൽനിന്ന് അവന് എത്രമാത്രം ധന്യത പകരും?" (ഇബ്നു ഖുസൈമ 1:332, സ്വിഫതു സ്വലാത്തിന്നബി 131).

നമസ്കാരം നമുക്ക് കൺകുളിർമയാകണം. നമസ്കരിക്കാതിരുന്നാൽ നമ്മുടെ മനസ്സ് അസ്വസ്ഥമാകണം. മറ്റുള്ളവർ നമുക്ക് വേണ്ടി മയ്യിത്ത് നമസ്കരിക്കുമ്പോൾ അത് നമുക്ക് ഗുണം ചെയ്യണമെങ്കിൽ നമുക്കുവേണ്ടി നമ്മൾ മരണത്തിനുമുമ്പായി നമസ്കാരം കൃത്യമായി നിലനിർത്തണം.

അല്ലാഹു പറയുന്നു: "തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ക്ഷമകൈക്കൊള്ളുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും തിന്മയെ നന്മകൊണ്ട് തടുക്കുകയും ചെയ്യുന്നവർ; അത്തരക്കാർക്ക് അനുകൂലമത്രെ ലോകത്തിന്റെ പര്യവസാനം. അതായത്, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരും അവരുടെ പിതാക്കളിൽനിന്നും ഇണകളിൽനിന്നും സന്തതികളിൽനിന്നും സദ്വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്..."(ക്വുർആൻ 13: 22,23).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# അബ്ദുർറഹ്മാനുബ്നു ഔഫ് ﵁

2

ബിലാൽ: "മുഹാജിറുകളും അൻസ്വാറുകളും എന്ന് പറഞ്ഞത് വ്യക്തമായില്ല."

ഉപ്പ: "മക്കയിൽനിന്ന് മദീനയിൽ ഹിജ്റ ചെയ്തെത്തിയ മുസ്‌ലിംകൾക്ക് മുഹാജിറുകൾ എന്നും മദീനയിൽ അവരെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്ത മദീനയിലെ വിശ്വാസികൾക്ക് അൻസ്വാറുകൾ എന്നും പറയുന്നു."

ബിലാൽ: "അബ്ദുർറഹ്മാനുബ്നു ഔഫ് കച്ചവടക്കാരനായിരുന്നു എന്നു പറഞ്ഞല്ലോ. മദീനയിൽ ചെന്ന ശേഷവും അദ്ദേഹം കച്ചവടം ചെയ്തിരുന്നോ?"

ഉപ്പ: "അതെ, മദീനയിലെത്തിയ അദ്ദേഹം കച്ചവടരംഗത്തേക്കിറങ്ങി. വലിയ സമ്പാദ്യം നേടുകയും ചെയ്തു. നബിﷺയുടെ ജീവിതകാലത്തും മരണശേഷവും അദ്ദേഹം സത്യസന്ധനായ കച്ചവടക്കാരനായി ജീവിച്ചു."

ബിലാൽ: “വലിയ സമ്പന്നനായരുന്നുവെങ്കിൽ വലിയ ദാനശീലനുമായിരുക്കുമല്ലോ അല്ലേ?”

ഉപ്പ: “അതെ. എത്രമാത്രം സൂക്ഷ്മതയോടെയാണ് അദ്ദേഹം ജീവിച്ചത് എന്ന് ബോധ്യപ്പെടുത്തുന്ന ഒരു സംഭവമുണ്ട്”

ബിലാൽ: “എന്താണത് ഉപ്പാ?”

ഉപ്പ: “ഒരിക്കൽ എഴുന്നൂറ് ഒട്ടകങ്ങളിലായി അദ്ദേഹത്തിന്റ കച്ചവടച്ചരക്കുകൾ മദീനയിലെത്തിക്കൊണ്ടിരുന്നു. വിവരമറിഞ്ഞ മദീനക്കാർക്കിടയിൽ അത് വലിയ സംസാരവിഷയമായി. അവർ ആഹ്ളാദത്തിലായി. അബ്ദുർറഹ്മാനുബ്നു ഔഫിന്റെ കച്ചവടച്ചരക്കുകൾ എത്തിയതിന്റെ കോലാഹലമാണ് മദീനയിൽനിന്നുയരുന്നത് എന്നറിഞ്ഞപ്പോൾ ആഇശ ﵂ പറഞ്ഞു: അബ്ദുർറഹ്മാനുബ്നു ഔഫ് മുട്ടുകുത്തി സ്വർഗത്തിൽ പ്രവേശിക്കുന്നതായി ഞാൻ കാണുകയുണ്ടായി എന്ന് നബി ﷺ എന്നോട് പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്.”

ബിലാൽ: “സ്വർഗത്തിൽ മുട്ടുകുത്തി പ്രവേശിക്കുകയോ? അതെന്താ അങ്ങനെ?”

ഉപ്പ: “തീരെ സ്വത്തില്ലാത്തവർക്ക് അതിന്റെ കണക്കൊന്നും അല്ലാഹുവിന്റെ കോടതയിൽ ബോധിപ്പിക്കാനുണ്ടാവുകയില്ല. ധാരാളം സമ്പത്തുള്ളവർ അതെല്ലാം എങ്ങനെ സമ്പാദിച്ചു, ഏതുവഴിയിൽ ചെലവഴിച്ചു എന്നെല്ലാം കൃത്യമായി ബോധിപ്പിക്കേണ്ടിവരും. വളരെ പ്രയാസപ്പെടേണ്ടിവരും അവർക്ക് സ്വർഗത്തിൽ പ്രവേശിക്കാൻ എന്നർഥം.”

ബിലാൽ: “നല്ലമാർഗത്തിൽ സമ്പാദിക്കുകയും നല്ലതിനായി ചെലവഴിക്കുകയും ചെയ്യണം. സകാത്ത് കൊടുക്കാൻ മാത്രം സമ്പത്തുള്ളവർ സകാത്ത് കൊടുക്കണം എന്നൊക്കെ ഞാൻ പഠിച്ചിട്ടുണ്ട്.”

ഉപ്പ: “വളരെ നല്ലത്. പഠിച്ചതെല്ലാം ഓർത്തുവെക്കണം.”

ബിലാൽ: “മദീനയിലെത്തിയ കച്ചവടച്ചരക്കെല്ലാം അബ്ദുർറഹ്മാനുബ്നു ഔഫ് ﵁ എന്താണ് ചെയ്തത് ഉപ്പാ? അതെല്ലാം വിറ്റ് വലിയ ലാഭം നേടിയോ?”

ഉപ്പ: “അത് വിശദീകരിക്കാം. ആഇശ ﵂ പറഞ്ഞ കാര്യം ആരോ അബ്ദുർറഹ്മാനുബ്നു ഔഫിന്റെ ചെവിയിലെത്തിച്ചു. ‘അതെ, പല പ്രാവശ്യം നബി അങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്’ എന്നായിരുന്നു അന്നേരം അദ്ദേഹം പറഞ്ഞത്.”

ബിലാൽ: “എന്താണ് അബ്ദുർറഹ്മാനുബ്നു ഔഫി ﵁ നോട് നബി ﷺ പറഞ്ഞതെന്ന് വിവരിക്കാമോ?”


ഉപ്പ: “അബ്ദുർറഹ്മാൻ, നീ സമ്പന്നനാണ്. നീ മുട്ടുകുത്തിയായിരിക്കും സ്വർഗത്തിൽ പ്രവേശിക്കുക. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ നിർബാധം ചെലവഴിക്കൂ. എങ്കിൽ സ്വതന്ത്രനായി നിനക്ക് സ്വർഗത്തിൽ പ്രവേശിക്കാം എന്നാണ് ഒരിക്കൽ അദ്ദേഹത്തോട് നബി പറഞ്ഞത്.”


ബിലാൽ: “അത് ശരി.”

ഉപ്പ: “അബ്ദുർറഹ്മാനുബ്നു ഔഫ് ﵁ ആ ചരക്കുകളുമായി നേരെ ആഇശ ﵂ യുടെ വീട്ടിലേക്ക് പുറപ്പെട്ടു. അവിടെ ചെന്ന് ആഇശ ﵂ യോട് പഞ്ഞു: ‘ഞാൻ ഒരിക്കലും മറന്നിട്ടില്ലാത്ത ഒരു നബിവചനമാണ് നിങ്ങൾ എന്നെ ഓർമിപ്പിച്ചത്. അതുകൊണ്ട് നിങ്ങളെ സാക്ഷിനിർത്തി ഈ എഴുന്നൂറ് ഒട്ടകങ്ങൾ വഹിക്കുന്ന ചരക്ക് മുഴുവനും ഞാനിതാ പാവങ്ങൾക്ക് ദാനം ചെയ്യുന്നു.”

ബിലാൽ: “അത് മുഴുവനും...?!”

ഉപ്പ: “അതെ, അദ്ദേഹം പ്രയാസം കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുവാൻ അത്രമാത്രം ആഗ്രഹിച്ചാണ് ജീവിച്ചിരുന്നത്. ധനവാന് അനായാസേന സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിൽ നിർബാധം ചെലവഴിക്കണമെന്ന നബി ﷺ യുടെ നിർദേശം ശരിക്കും കണക്കിലെടുത്തുകൊണ്ടുതന്നെയായിരുന്നു അദ്ദേഹം സമ്പത്ത് കൈകാര്യം ചെയ്തിരുന്നത്.”





ബിലാൽ: "വേറെ വല്ലപ്പോഴും അദ്ദേഹം ഇതുപോലെ ധാരാളം സമ്പത്ത് ഒന്നിച്ച് ദാനം ചെയ്തിട്ടുണ്ടോ ഉപ്പാ?"

ഉപ്പ: "ഉണ്ടല്ലോ. ഒരിക്കൽ അദ്ദേഹം നാൽപതിനായിരം ദീനാറിന് ഒരു ഭൂസ്വത്ത് വിൽക്കുകയുണ്ടായി. ആ തുക മുഴുവൻ അദ്ദേഹം ദാനം ചെയ്തു. മറ്റൊരിക്കൽ മുസ്‌ലിം സൈന്യഫണ്ടിലേക്ക് അഞ്ഞൂറ് പടക്കുതിരകളെയും ആയിരത്തി അഞ്ഞൂറ് ഒട്ടകങ്ങളെയും സംഭാവന ചെയ്തു. മരണപത്രത്തിൽ അമ്പതിനായിരം ദീനാറാണ് അല്ലാഹുവിന്റെ മാർഗത്തിലേക്ക് നീക്കിവെച്ചിരുന്നത്. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരിൽ അന്ന് അവഷേിച്ചിരുന്ന ഓരോ സ്വഹാബിക്കും നാനൂറ് ദിർഹംവീതം നൽകാൻ അദ്ദേഹം നിർദേശിച്ചിരുന്നു."

ബിലാൽ: "അത്ഭുതം തോന്നുന്നു ഉപ്പാ! എന്തുമാത്രം സമ്പന്നൻ, അതിലേറെ ദാനശീലൻ!"

ഉപ്പ: "അതെ. നിഷ്പ്രയാസം അനുവദനീയമായ മാർഗത്തിലൂടെ അദ്ദേഹത്തിൽ സമ്പത്ത് വന്നുചേരുകയായിരുന്നു എന്ന് പറയാം. സമ്പത്തിനു വേണ്ടി അദ്ദേഹം രാവും പകലും കഷ്ടപ്പെടുമായിരുന്നില്ല. അദ്ദേഹത്തിന്റെ ബന്ധുക്കളും അയൽവാസികളും സമൂഹവുമെല്ലാം ആ സമ്പത്ത് അനുഭവിച്ചു. എന്നാൽ സമ്പന്നനെന്നതിന്റെ പേരിൽ ഒട്ടും അഹങ്കാരം അദ്ദേഹത്തിനുണ്ടായിരുന്നില്ല."

ബിലാൽ: "അല്ലാഹു അദ്ദേത്തിൽ എന്തുമാത്രം അനുഗ്രഹമാണ് ചൊരിഞ്ഞത് അല്ലേ?"

ഉപ്പ: "ശരിയാണ്."

ബിലാൽ: "അദ്ദേഹത്തെക്കുറിച്ച് ഇനിയും പറഞ്ഞുതരൂ ഉപ്പാ."

ഉപ്പ: "ഒരിക്കൽ നോമ്പുതുറക്കാനുള്ള ഭക്ഷണം അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. ഭക്ഷണത്തളികയിലേക്ക് നോക്കി കണ്ണീരൊഴുക്കിക്കൊണ്ട്അദ്ദേഹം പറഞ്ഞു: 'മിസ്അബ്ؓ അന്ന് രക്തസാക്ഷിയായി. അദ്ദേഹം എന്നെക്കാൾ ഉത്തമനായിരുന്നു. തലയും കാലും മറയാത്ത ഒരു കഷ്ണം തുണിയിലായിരുന്നു അദ്ദേഹത്തിന്റെ മൃതദേഹം പൊതിയപ്പെട്ടത്. ഹംസؓ രക്തസാക്ഷിയായി. അദ്ദേഹവും എന്നെക്കാൾ ഉത്തമനായിരുന്നു. അദ്ദേഹത്തെയും ആവശ്യത്തിന് തികയാത്ത പരുക്കൻ തുണിയിലാണ് പൊതിഞ്ഞത്. ഇന്ന് ഞങ്ങൾ സമ്പന്നരായിത്തീർന്നിരിക്കുന്നു. ഞങ്ങളുടെ സൽകർമങ്ങളുടെ പ്രതിഫലം ഞങ്ങൾക്ക് ഇവിടെവെച്ചുതന്നെ അല്ലാഹു നൽകിയതായിരിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു."

ബിലാൽ: "എന്തു നല്ല മനസ്സാണ് അല്ലേ ഉപ്പാ?!"

ഉപ്പ: "നല്ല മനസ്സിന്നുടമയായ അദ്ദേഹം നല്ല ധീരനുമായിരുന്നു. ബദ്ർ, ഉഹ്ദ് അടക്കം എല്ലാ യുദ്ധങ്ങളിലും മുൻപന്തിയിൽ അദ്ദേഹം നിലകൊണ്ടു. ഉഹ്ദ് യുദ്ധത്തിൽ അദ്ദേഹത്തിന് ഇരുപതിലധികം മുറിവുകൾ ഏറ്റു. ഒരു കാലിന് മുടന്ത് സംഭവിച്ചു. മുൻപല്ലുകൾ നഷ്ടപ്പെട്ടു.

ബിലാൽ: "എന്നാണ് അദ്ദേഹം മരണപ്പെട്ടത്?"

ഉപ്പ: "ഹിജ്റ 32ാം വർഷം അദ്ദേഹം രോഗബാധിതനാവുകയും താമസിയാതെ മരിക്കുകയും ചെയ്തു. ഇനി മറ്റൊരു ദിവസം മറ്റൊരു സ്വഹാബിയെക്കുറിച്ച് പറഞ്ഞുതരാം മോനേ. ഉപ്പാക്ക് ഒന്നു വിശ്രമിക്കണം."

ബിലാൽ: "ശരി ഉപ്പാ, ജസാകല്ലാഹു ഖൈറൻ."



നൂറുദ്ദീൻ സ്വലാഹി
noorudheenvettathur@gmail.com

ലേഖനം

# ശിയാക്കളും ക്വുർആനും

ഇസ്‌ലാമിന്റെ പേരിൽ അറിയപ്പെടുകയും എന്നാൽ വിശ്വാസാചാരങ്ങളിൽ മതവുമായി ഒരുപാട് വ്യതിയാനങ്ങൾ നിലനിർത്തി അകന്നുനിൽക്കുകയും ചെയ്യുന്ന ജൂത സൃഷ്ടിയായ ശിയായിസത്തിന്റെ ചില അപകട വാദങ്ങളെ കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചത്.

ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണമായ ക്വുർആൻ യഥാവിധം അംഗീകരിക്കുന്ന കാര്യത്തിൽ ശിയാക്കൾ അഹ്‌ലുസ്സുന്നയുമായി വ്യതിചലിച്ച് നിൽക്കുന്നതായി പലരും മനസ്സിലാക്കിയിട്ടില്ല.

## എന്താണ് ക്വുർആനിനെക്കുറിച്ചുള്ള ശിയാ വിശ്വാസം?

ലോക മുസ്‌ലിംകൾ ഏകകണ്ഠമായി അംഗീകരിക്കുന്ന, കൈവശം വച്ചുകൊണ്ടിരിക്കുന്ന ക്വുർആൻ യഥാർഥ ക്വുർആനല്ല എന്ന ഗുരുതരമായ വാദമാണ് ശിയാക്കൾക്കുള്ളത്.

അവസാന നാളിൽ തങ്ങളുടെ പന്ത്രണ്ടാമത്തെ ഇമാം മഹ്ദി കൊണ്ടുവരുന്ന ക്വുർആനാണ് അല്ലാഹു അവതരിപ്പിച്ച യഥാർഥ ക്വുർആനെന്നും ഇപ്പോഴുള്ള ക്വുർആനിൽ ഒരുപാട് തിരിമറികൾ നടന്നിട്ടുണ്ട് എന്നുമാണ് ശിയാ വിശ്വാസം.

മുസ്‌ലിം ലോകം ഇമാം ബുഖാരിﷺക്ക് നൽകുന്ന സ്ഥാനത്ത് ഇവർ പ്രതിഷ്ഠിച്ചിട്ടുള്ള ഇമാമായ കുലൈനി അൽകാഫിയിൽ രേഖപ്പെടുത്തുന്നത് നോക്കൂ: "മുഹമ്മദ് നബിﷺക്ക് ജിബ്‌രീൽ കൊണ്ടുവന്നു കൊടുത്ത ക്വുർആനിൽ എഴുപതിനായിരം സൂക്തങ്ങളുണ്ട്" (അൽകാഫി).

എങ്ങനെയാണ് ഈ വാദത്തെ ഒരു വിശ്വാസി അംഗീകരിക്കുകയും ഇതെല്ലാം വെറും ശാഖാപരമായ വിയോജിപ്പായി കണക്കാക്കുകയും ചെയ്യുക?

ക്വുർആൻ ആരുടെയും കൈകടത്തലുകൾക്ക് വിധേയമാവാതെ അന്ത്യദിനം വരെ നിലനിൽക്കും എന്ന് ക്വുർആൻ തന്നെ വ്യക്തമാക്കിയ കാര്യമല്ലേ?

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (ക്വുർആൻ 15:9).

"അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്" (ക്വുർആൻ 41:42).

ഇത്ര വ്യക്തമായി ക്വുർആൻ പൂർണവും അന്യൂനവും കാലാതിവർത്തിയുമാണെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടും എന്തിനാണ് ശിയാക്കൾ ഇത്തരമൊരു വാദം സ്വീകരിക്കുന്നത്?

### തിരിമറിയുടെ കാരണം

മുസ്‌ലിം ലോകം അംഗീകരിച്ചുപോരുന്ന ക്വുർആനിനെ അതേപടി സ്വീകരിച്ചാൽ ശിയാ വാദങ്ങൾക്ക് നിലനിൽപില്ല എന്നതുതന്നെയാണ് ക്വുർആൻ തിരിമറി വാദവുമായി വരാനുള്ള കാരണം. തങ്ങളുടെ വിശ്വാസങ്ങളെ അവതരിപ്പിക്കുന്നതിൽ രണ്ട് പ്രധാന പ്രശ്നങ്ങൾ നേരിട്ടപ്പോഴാണ് ഇവർക്ക് ഇത്തരമൊരു വാദം പറയേണ്ടി വന്നത്.

ഒന്ന്: അലിﷺയിലുള്ള ഇമാമത്ത് വിശ്വാസത്തെ കേന്ദ്രീകരിച്ചാണല്ലോ ശിയാക്കളുടെ വിശ്വാസങ്ങളെല്ലാം നിലനിൽക്കുന്നത്. അദ്ദേഹത്തിന്റെ ഇമാമത്തും ഇസ്മത്തും അംഗീകരിച്ചാൽ മാത്രമെ ഒരാൾക്ക് മതത്തിൽ സ്ഥാനമുള്ളൂ. അത് ഉൾക്കൊള്ളാതെ മതത്തിന്റെ മറ്റു സാരാംശങ്ങളെല്ലാം അംഗീകരിച്ചവരാണെങ്കിലും മതത്തിനു പുറത്താണെന്നതാണ് ഇവരുടെ വാദം. ഇതിന് യാതൊരു തെളിവും ക്വുർആനിൽ കണ്ടെത്തുക സാധ്യമല്ല. എന്നാൽ ക്വുർആനിനെ മാറ്റിനിർത്തി ഒരു വിശ്വാസത്തെ ഇസ്‌ലാമിന്റെ പേരിൽ പ്രചരിപ്പിക്കുക സാധ്യമവുമല്ല. ഈ സാഹചര്യത്തിൽ തങ്ങൾക്ക് ആകെയുള്ള പോംവഴി ക്വുർആൻ തിരിമറി വാദവുമായി രംഗത്തുവരിക എന്നത് മാത്രമാണ്.

രണ്ട്: മുസ്‌ലിം ലോകം ഇന്ന് അംഗീകരിച്ച് പോരുന്ന ക്വുർആനിന്റെ ക്രോഡീകരണ പ്രവർത്തനങ്ങളും പ്രചാരണവും പ്രവാചക വിയോഗാനന്തരം നടന്നപ്പോൾ അതിന് നേതൃത്വം നൽകിയതിലെ പ്രധാന രണ്ട് വ്യക്തികൾ അബൂബക്കർﷺ, ഉഥ്മാൻﷺ എന്നിവരായിരുന്നല്ലോ. അബൂബക്കർﷺ ക്രോഡീകരിച്ച ക്വുർആൻ സൂക്ഷിച്ചത് ഉമറിﷺന്റെ മകളും പ്രവാചക പത്നിയുമായ ഹഫ്സﷺയുടെ അടുക്കലുമാണ്. പിന്നീട് മറ്റു പ്രദേശങ്ങളിലേക്കെല്ലാം വ്യാപകമായി ക്വുർആനിന്റെ കോപ്പികൾ പ്രചരിപ്പിച്ചതാവട്ടെ ഉഥ്മാൻ ﷺന്റെ കാലത്തുമാണ്. ഇത് സുന്നികളും ശിയാക്കളും ഒരുപോലെ അംഗീകരിക്കുന്ന കാര്യമാണ്. എന്നാൽ മുകളിൽ പറയപ്പെട്ട, സ്വഹാബിമാരും അല്ലാത്തവരുമായി ഈ പ്രവർത്തനങ്ങളിൽ ഇടപെട്ടവരെല്ലാം ശിയാ വിശ്വാസപ്രകാരം അവരുടെ ശത്രുക്കളും ഇസ്‌ലാമിൽനിന്ന് പുറത്തുപോയ അവിശ്വാസികളുമാണ്. അബൂബക്കർﷺ, ഉമർﷺ, ഉഥ്മാൻﷺ എന്നിവരുടെ പേരിൽ ഇന്നും ശിയാക്കൾ ലഅ്നത്ത് (ശാപ പ്രാർഥന) നടത്തിവരുന്നുണ്ട്. അത്രമാത്രം അവരോട് ശത്രുത വെച്ചുപുലർത്തുന്നവരാണ് ഇവർ. അതുകൊണ്ടുതന്നെ അവർ നേതൃത്വം നൽകി ക്രോഡീകരിച്ച ക്വുർആനിനെ അംഗീകരിക്കാൻ ഇവർ കൂട്ടാക്കിയില്ല. എന്നാൽ ക്വുർആനിനെ അംഗീകരിക്കാതെ ഇസ്‌ലാമിൽ സ്ഥാനവുമില്ല എന്നിരിക്കെ, ഇവർ കണ്ടെത്തിയ ന്യായമായിരുന്നു ക്വുർആൻ തിരിമറി വാദം.

ക്വുർആൻ തിരിമറി വിവാദം രണ്ട് രൂപത്തിലാണ് ഇവർ കൊണ്ടുവന്നത്:

ഒന്ന്: 'നിലവിലുള്ള ക്വുർആൻ അപൂർണമാണ്. അതിൽ അബൂബക്കർﷺ, ഉമർﷺ, ഉഥ്മാൻﷺ എന്നിവരുടെ വകയായി തിരിമറികൾ നടന്നിട്ടുണ്ട്. യഥാർഥ ക്വുർആൻ ക്രോഡീകരണം നിർവഹിച്ചത് അലി ﷺയാണ്. അതുമായി അവസാനകാലത്ത് മഹ്ദി ഇമാം കടന്നുവരും.'

ഈ വാദത്തെ സ്ഥിരപ്പെടുത്താൻ ഇവരുടെ ആ

ചാര്യൻ ത്വബ്റസി തന്റെ ഗ്രന്ഥത്തിൽ അബൂദർറുൽ ഗിഫാരിﷺയിലേക്ക് ചേർത്തി ഒരു കള്ള ഹദീഥും മെനഞ്ഞുണ്ടാക്കി. പ്രവാചകന്റെ മരണശേഷം അവിടുത്തെ നിർദേശ പ്രകാരം അലിﷺ ക്വുർആൻ ക്രോഡീകരിക്കുകയും അത് സ്വഹാബിമാരായ മുഹാജിറുകൾക്കും അൻസ്വാറുകൾക്കും പ്രദർശിപ്പിക്കുകയും ചെയ്തു. അബൂബക്കർﷺ അത് തുറന്ന പാടെ സ്വഹാബത്തിനെ മോശമാക്കുന്ന പലതും അതിൽ കണ്ടു. ഉടനെ ഉമർﷺ ചാടിയെണീറ്റ് പറഞ്ഞു: 'അലീ, ഇത് കൊണ്ടുപോകൂ. ഞങ്ങൾക്ക് ഇതിന്റെ ആവശ്യമില്ല.' ഉടനെ അതും എടുത്ത് അലി ﷺ തിരിച്ചുപോയി. പിന്നീട് ഉമറിﷺന്റെ ഭരണകാലത്ത് അന്ന് അലിﷺ കൊണ്ടുവന്ന ക്വുർആനിനെക്കുറിച്ച് അദ്ദേഹത്തോട് ആരാഞ്ഞപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നൽകി: 'ഇനി ഒരിക്കലും ആ ക്വുർആനിലേക്ക് എത്തിപ്പെടുക നിങ്ങൾക്ക് സാധ്യമല്ല. അബുബക്കറിﷺന്റെ അരികിൽ അതുമായി ഞാൻ വന്നത് പരലോകത്ത് നിങ്ങൾക്കതൊരു തെളിവായിക്കൊണ്ടാണ്. 'നിശ്ചയം ആദ്യം ഞങ്ങൾ ഇതിനെ കൊള്ളെ അശ്രദ്ധരായിരുന്നു എന്ന് അന്ത്യനാളിൽ നിങ്ങൾ പറയാതിരിക്കാനും...'' (അൽ ഇഹ്തിജാജ്).

തങ്ങളുടെ വാദങ്ങൾ സ്ഥാപിച്ചെടുക്കാൻ അലിﷺയുടെ പേരിൽ ശിയാക്കൾ പടച്ചുണ്ടാക്കിയ കള്ളക്കഥയാണിത്. അദ്ദേഹം ഇവരുടെ ശപിക്കപ്പെട്ട വാദങ്ങളിൽനിന്നും മുക്തനും അദ്ദേഹത്തിന്റെ മുൻ കഴിഞ്ഞവരുടെ ഉറ്റ സ്നേഹിതനുമാണെന്നതിൽ ആർക്കും തർക്കമില്ല.

അലിﷺ ക്രോഡീകരിച്ച ഈ യഥാർഥ ക്വുർആനുമായി അവസാനനാളിൽ മഹ്ദി ഇമാം പ്രത്യക്ഷപ്പെടുമെന്നാണ് ഇവരുടെ വാദം എന്ന് സൂചിപ്പിച്ചുവല്ലോ.

തങ്ങളുടെ വിശ്വാസങ്ങളുടെ അടിത്തറ ഈ ക്വുർആനിനെ അവലംബിച്ചാണെന്നും അതിലാണ് ഇസ്‌ലാമിന്റെ പൂർണതയെന്നും പ്രചരിപ്പിക്കുകവഴി ഏത് വികല വാദങ്ങളും നിർമിച്ചെടുക്കാമല്ലോ.

രണ്ട്: നിലവിൽ അംഗീകരിക്കപ്പെടുന്ന ക്വുർആൻ കൊണ്ട് തങ്ങളുടെ വിശ്വാസസംഹിതയെ വ്യാഖ്യാനിക്കാൻ അശക്തരായ ശിയാക്കൾ കണ്ട രണ്ടാമത്തെ മാർഗം ക്വുർആനിന് മുസ്‌ലിം ലോകം അംഗീകരിച്ചുപോരുന്ന വ്യാഖ്യാനങ്ങളെ അവഗണിച്ച് തങ്ങളുടെ ഇച്ഛക്കനുസരിച്ച് വ്യാഖ്യാനങ്ങൾ നൽകുന്ന രീതിയാണ്.

ചില ഉദാഹരണങ്ങൾ നോക്കൂ: "അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും നാം അവതരിപ്പിച്ച പ്രകാശത്തിലും വിശ്വസിച്ചുകൊള്ളുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്'' (ക്വുർആൻ 64:8).

ഈ വചനത്തിൽ പ്രതിപാദിച്ച പ്രകാശം എന്നതിന്റെ ഉദ്ദേശ്യം ക്വുർആനാണ് എന്നാണ് ക്വുർആൻ വ്യാഖ്യാതാക്കൾ എല്ലാവരും പറഞ്ഞിട്ടുള്ളത്.

എന്നാൽ ശിയാ ആചാര്യൻ കുലൈനി നൽകുന്ന വ്യാഖ്യാനം നോക്കൂ: "പ്രകാശം എന്നാൽ അതുകൊണ്ട് ഉദ്ദേശ്യം ഇമാമുമാരുടെ പ്രകാശം എന്നാകുന്നു'' (അൽകാഫി 1/194).

തങ്ങളുടെ ഇമാമത്ത് വാദത്തെ സ്ഥാപിച്ചെടുക്കാൻ ക്വുർആനിലെ അനവധി ആയത്തുകളെ ഇതുപോലെ ഇവർ വ്യാഖ്യാനിച്ചതായി കാണാം.

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു'' (ക്വുർആൻ 17:9).

ഈ സൂക്തത്തിലെ 'ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കും' എന്നതിന് കുലൈനി നൽകുന്ന വ്യാഖ്യാനം ക്വുർആൻ ഇമാമിലേക്ക് വഴികാണിക്കും എന്നതാണ്'' (അൽകാഫി 1/216)

"ഒരു വിഭാഗത്തെ അവൻ നേർവഴിയിലാക്കിയിരിക്കുന്നു. ഒരു വിഭാഗമാകട്ടെ വഴിപിഴക്കാൻ അർഹരായിരിക്കുന്നു. അല്ലാഹുവിനെ വിട്ട് പിശാചുക്കളെയാണ് അവർ രക്ഷാധികാരികളാക്കി വെച്ചിരിക്കുന്നത്. തങ്ങൾ സൻമാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യുന്നു'' (ക്വുർആൻ 7:30).

ഈ സൂക്തത്തിൽ 'അല്ലാഹുവിനെ വിട്ട് പിശാചുക്കളെയാണ് അവർ രക്ഷാധികാരികളാക്കി വെച്ചിരിക്കുന്നത്' എന്നതിന് ശിയാക്കൾ നൽകുന്ന വ്യാഖ്യാനം 'അലിﷺയുടെ മുമ്പ് ഖലീഫമാരായവരെ കുറിച്ചാണ് ഇവിടെ പറയുന്നത്' എന്നാണ്! (തഫ്സീർ സ്വാഫി 1/571).

എത്ര പച്ചയായിട്ടാണ് ആദ്യ മൂന്ന് ഖലീഫമാരെ പിശാചുക്കൾ എന്ന് വിശേഷിപ്പിക്കുന്നത് എന്ന് നോക്കൂ! ക്വുർആൻ സ്വർഗാവകാശികൾ എന്ന് പറഞ്ഞവരെ അതേ ക്വുർആനിലെ വചനങ്ങൾ ദുർവ്യാഖ്യാനിച്ചുകൊണ്ട് ഇത്തരത്തിൽ ആക്ഷേപിക്കുവാനും അത് വിശ്വസിക്കുവാനും യഥാർഥ മുസ്‌ലിംകൾക്ക് കഴിയുമോ?




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- ശനിയാഴ്ച രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- വരിക്കാരെ പരിഗണിച്ച് ഇനി മുതൽ ഓരോ ലക്കവും മത്സരത്തിനായി രണ്ടാഴ്ച ഓൺലൈനിൽ ലഭ്യമാവും.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ

**ലക്കം: 192:**

**ഒന്നാം സമ്മാനം:** Rida Khadeeja, Feroke, Kozhikode

**രണ്ടാം സമ്മാനം:** Moideen CM, Sunticoppa, Kodagu, Karnataka

**മൂന്നാം സമ്മാനം:** Murshida, Kuthuparamba, Kannur

**ലക്കം: 193:**

**ഒന്നാം സമ്മാനം:** Ahmed Abdul Rahoof, Koodali, Kannur

**രണ്ടാം സമ്മാനം:** Naina Rooha, Unnikulam, Kozhikode

**മൂന്നാം സമ്മാനം:** Nuha Shihab, Areekode, Malappuram

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ
ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz



## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 196 - ചോദ്യങ്ങൾ

1) "........നീ സമ്പന്നനാണ്. നീ മുട്ടുകുത്തിയായിരിക്കും സ്വർഗത്തിൽ പ്രവേശിക്കുക. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ നിർബാധം ചെലവഴിക്കൂ. എങ്കിൽ സ്വതന്ത്രനായി നിനക്ക് സ്വർഗത്തിൽ പ്രവേശിക്കാം." നബി(സ്വ) ഇത് ആരോടാണ് പറഞ്ഞത്?

(1) അബ്ദുർറഹ്മാനുബ്നു ഔഫി(റ)നോട് (2) സൽമാനുൽ ഫാരിസി(റ)യോട് (3) ഇബ്നു ഉമറി(റ)നോട്

2) മക്കയിൽനിന്ന് മദീനയിൽ ഹിജ്‌റ ചെയ്തെത്തിയ മുസ്‌ലിംകൾ ..................... എന്ന പേരിൽ അറിയപ്പെടുന്നു.

(1) മുഹാജിറുകൾ (2) അൻസ്വാറുകൾ (3) താബിഉകൾ

3) ഈഴവനായതുകൊണ്ട് മാത്രം ട്രാവൻകൂർ മെഡിക്കൽ കോളേജിൽ അഡ്മിഷൻ നിഷേധിക്കപ്പെട്ട കേരളത്തിലെ ഹൈന്ദവ നവോത്ഥാന നായകൻ?

(1) വി.ടി ഭട്ടതിരിപ്പാട് (2) ഡോ. പൽപ്പു (3) സ്വാമി വിവേകാനന്ദൻ

4) ആദ്യ റഷ്യൻ വിപ്ലവം അരങ്ങേറിയത്?

(1) 1971 ജൂണിൽ (2) 1960 നവംബറിൽ (3) 1917 മാർച്ചിൽ

5) "അവർ പ്രവർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും" (ക്വുർആൻ 25:23). ആരുടെ കർമങ്ങളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്?

(1) സത്യനിഷേധികളുടെ (2) യഹൂദികളുടെ (3) മജൂസികളുടെ

6) 'നിലവിലുള്ള ക്വുർആൻ അപൂർണമാണ്. അതിൽ അബൂബക്കർ(റ), ഉമർ(റ), ഉഥ്മാൻ(റ) എന്നിവരുടെ വകയായി തിരിമറികൾ നടന്നിട്ടുണ്ട്. യഥാർഥ ക്വുർആൻ ക്രോഡീകരണം നിർവഹിച്ചത് അലി(റ)യാണ്. അതുമായി അവസാനകാലത്ത് മഹ്ദി ഇമാം കടന്നുവരും.' ഈ വികല വിശ്വാസം വെച്ചുപുലർത്തുന്ന വിഭാഗം ഏതാണ്?

(1) സ്വൂഫികൾ (2) ശിയാക്കൾ (3) മുനാഫിക്വുകൾ

7) "തീർച്ചയായും നമസ്‌കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമത്തിൽനിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യംതന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു."

(1) ക്വുർആൻ 29:45 (2) ക്വുർആൻ 45:29 (3) ക്വുർആൻ 24:95

8) എന്നും നോമ്പെടുക്കുകയും രാത്രി മുഴുവൻ നമസ്‌കരിക്കുകയും അതിൽ ക്വുർആൻ ഓതിത്തീർക്കുകയും ചെയ്ത് നിർബന്ധമായി ചെയ്തുതീർക്കേണ്ട ചില ബാധ്യതകൾ നഷ്ടപ്പെടുമാറ് ക്ഷീണിതനായ സ്വഹാബി?

(1) അബ്ദുല്ലാഹ് ഇബ്നുഅംറ് ഇബ്നുൽആസ്വ്(റ) (2) അബൂഹുറയ്‌റ(റ) (3) അനസ്(റ)

9) 'തീർച്ചയായും നിങ്ങളുടെ റബ്ബിന് നിങ്ങളിൽനിന്ന് അവകാശമുണ്ട്. നിങ്ങളുടെ ശരീരത്തിന് നിങ്ങളിൽനിന്ന് അവകാശമുണ്ട്. നിങ്ങളുടെ ഭാര്യക്കും നിങ്ങളിൽനിന്ന് അവകാശമുണ്ട്. ഓരോരുത്തർക്കും അവരുടെ അവകാശം നിങ്ങൾ നൽകുക.' അബുദ്ദർദാഇ(റ)നോട് ആരാണിതു പറഞ്ഞത്?

(1) സൽമാനുൽ ഫാരിസി(റ) (2) നബി(സ്വ) (3) അബൂബക്കർ(റ)

10) ഏതു യുദ്ധത്തിലാണ് അബ്ദുർറഹ്മാനുബ്നു ഔഫി(റ)ന് ഇരുപതിലധികം മുറിവുകൾ ഏറ്റത്?

(1) ബദ്ർ (2) ഖന്തക്വ് (3) ഉഹ്ദ്

നമുക്ക് ചുറ്റും

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com



# ഓപ്പൺ യൂണിവേഴ്സിറ്റിയും ഓപ്പൺ വർഗീയതയും

**കേ**രളം സന്ദർശിച്ച സ്വാമി വിവേകാനന്ദൻ കേരളത്തെ കുറിച്ച് പറഞ്ഞ 'ഇതൊരു ഭ്രാന്താലയമാണ്' എന്ന കമന്റ് പൂർവിക കേരളത്തിന്റെ വസ്തുതാപരമായ ചിത്രം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. ഉത്തരേന്ത്യയിൽ ഇപ്പോഴും പത്തിവിടർത്തി നിറഞ്ഞാടുന്ന ജാതിവിവേചനത്തിന്റെ മുറിപ്പെടുത്തുന്ന വാർത്തകളിലെ അവസാനവാർത്ത മാത്രമാണ് ഉത്തർപ്രദേശിലെ ഹത്രാസ് പെൺകുട്ടിയുടെത്.

സംഭവം വിവാദമായ ശേഷവും തങ്ങളുടെ ശ്രേണീയധികാരത്തിൽ കൈയിടാൻ വരുന്നവരോടുള്ള രോഷം ഠാക്കൂർ യുവാക്കളിൽനിന്നും ലോകം കാണുകയുണ്ടായി. ഉത്തരേന്ത്യൻ ശ്രേണീവ്യവസ്ഥയിൽ അംഗീകരിക്കപ്പെട്ട പദാവലിയാണത്രെ 'ചോട്ടാ കാം,' 'ബഡാ കാം,' 'പൂരാ കാം' എന്നിവ.

'ചോട്ടാ കാം' എന്നാൽ താഴ്ന്നജാതിയിലെ പെൺകുട്ടിയെ ബലാൽക്കാരമായി സ്പർശിക്കുക, ഉന്തുക, തള്ളുക എന്നും 'ബഡാ കാം' എന്നാൽ അവരെ ബലാൽസംഗം ചെയ്യുക എന്നും 'പൂരാ കാം' എന്നാൽ എല്ലാ മാനവും കവർന്നെടുത്ത് കൊലപ്പെടുത്തുക എന്നുമാണ് ഉദ്ദേശ്യം.

ഇത്തരത്തിലുള്ള കഠിനമായ ജാതിവെറിയിൽനിന്നും കേരളം രക്ഷപ്പെട്ടത് ഇവിടെ ചോരയും നീരും വറ്റിച്ച് പണിയെടുത്ത നവോത്ഥാന നായകരുടെയും വിപ്ലവപ്രസ്ഥാനങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും ഭാഗമായിട്ടുതന്നെയാണ്.

എങ്കിലും ഉള്ളിലും പുറത്തും ഈ ജാതീയത കൊണ്ടുനടക്കുന്നവരുണ്ട് എന്നതിന്റെ പ്രകടമായ എത്രയോ ഉദാഹരണങ്ങൾ നാം കണ്ടിട്ടുണ്ട്. ഏറ്റവും ഒടുവിലത്തേത് മാത്രമാണ് കലാഭവൻ മണിയുടെ സഹോദരൻ ഡോ. ആർ.എൽ.വി രാമകൃഷ്ണൻ കേരളത്തോട് വിളിച്ചുപറഞ്ഞ അനുഭവം. ഈ ജാതി അടരുകളിൽനിന്ന് കേരളത്തെ രക്ഷിക്കാൻ ജീവിതം ഉഴിഞ്ഞുവച്ച വ്യക്തിയാണ് ശ്രീനാരായണ ഗുരു എന്നതിൽ തർക്കമുണ്ടാവാനിടയില്ലല്ലോ. ജാതി ചോദിച്ചവനോട് 'കണ്ടാലറിയാത്ത ജാതി എങ്ങനെയാ പറഞ്ഞാലറിയാ' എന്ന് പറഞ്ഞ, 'മനുഷ്യനാണ് ജാതി' എന്ന് ആവർത്തിച്ചുപറഞ്ഞ ആ ഗുരുവിന്റെ പേരും ഫോട്ടോയുമുപയോഗിച്ച് പാർട്ടിയുണ്ടാക്കി അതിനെ കുടുംബവൽക്കരിച്ച വെള്ളാപ്പള്ളി നടേശൻ കേരളത്തിൽ പുതുതായി രൂപംനൽകിയ ഗുരുവിന്റെ പേരിലുള്ള സർക്കാർ ഓപ്പൺ യൂണിവേഴ്സിറ്റിക്ക് ഒരു അക്കാഡമീഷ്യനെ വൈസ് ചാൻസലറായി നിയമിച്ചപ്പോഴേക്കും ജാതിവെറിപൂണ്ട് മൈക്കിനു മുന്നിലെത്തിയിരിക്കുന്നു! മനോരമയും അച്ചായൻമാരും കൂട്ടിനുണ്ട്. കൊല്ലം എം.പി എൻ.കെ പ്രേമചന്ദ്രനും സംഗതി ദഹിച്ച മട്ടില്ല! കേരളത്തിലെ മറ്റു പതിനൊന്ന് സർവകലാശാലകളിലെ വിസി, പ്രൊ.വിസി, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി തസ്തികകളിലുള്ള സാമുദായിക സന്തുലനവും അധികാര പങ്കാളിത്തവും വിലയിരുത്തിയിട്ട് വേണമായിരുന്നു മുസ്‌ലിം എന്ന് കേട്ടപ്പോഴേക്കുമുള്ള ഈ ഹാലിളക്കം എന്നാണ് ഇവരോടെല്ലാം പറയാനുള്ളത്.

മുസ്‌ലിം എന്ന് കേട്ടാൽ വെള്ളാപ്പള്ളിക്ക് പണ്ടേ നിക്കറിൽ മുള്ളിയ ഒരു പരുങ്ങലുണ്ടാവാറുള്ളതാണ്. കോഴിക്കോട്ട് ഓടയിലിറങ്ങി മരണാസന്നരായ അതിഥിതൊഴിലാളികളെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ ജീവൻ നഷ്ടപ്പെട്ട ഓട്ടോറിക്ഷാ ഡ്രൈവറുടെ പേര് നൗഷാദ് എന്നാണെന്നറിഞ്ഞപ്പോൾ ഇങ്ങേരുടെ തുള്ളൽ കേരളം കണ്ടതാണ്.

തന്റെ ജാതിക്ക് യഥാർഥത്തിൽ കിട്ടേണ്ട സംവരണ സീറ്റുകൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പോലും അട്ടിമറിക്കപ്പെട്ടുകൊണ്ടിരിക്കെ അതിനെതിരെ എന്തെങ്കിലുമൊന്ന് ചെയ്യാൻ ശ്രമിക്കാതെ സമൂഹത്തിൽ ചളിയും ചാണകവും വാരിയെറിയാനുള്ള വിരുത് 80ാം വയസ്സിലും ടിയാൻ തുടർന്നു കൊണ്ടേയിരിക്കുകയാണെന്നു ചുരുക്കം!

# മാനസിക സമ്മർദങ്ങൾക്ക് സ്നേഹ സാന്ത്വനം

WISDOM YOUTH

WISDOM HEALTHCARE

wisdomyouth

WISDOM
# alive
## COUNSELLING DESK

**കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം**

- മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
- വിളിക്കേണ്ട സമയം : 9AM to 5PM
- വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ, ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ തുടങ്ങിയവരുടെ സേവനം.

TRIVANDRUM: +919961607451, +919747393614, +91 9526524467, +91 9846111569, +919846111569
KOLLAM: +919847115662, +919496328778, +91 9846843174, +91 79077 76442, +91 94474 37338, +91 9947802460, +91 9961493999
ALAPPUZHA: +919996310518, +918943464478, +91 7593944659, +91 95394 22947
IDUKKI: +919946545193, +9199950 25976, +9197462 36553, +9190376 40858
ERNAKULAM: +917902470463, +91082898 80889, +9195445 00993, +9198460 45037, +9199463 48085, +9195441 36813, +9198462 54531
THRISSUR: +919446737160, +919961037934, +919946222282, +917510580834, +9198958130490, +916282230820
PALAKKAD: +919847939173, +919656118833, +919447623139, +919995222000, +919847748685, +919495467259
MALAPPURAM WEST: +919895953579, +919037159419, +917012095123, +919744229447, +919656533301
MALAPPURAM NORTH: +919946199288, +91 90379 29121, +919495889689, +916282276726, +917012803394, +919947298978
MALAPPURAM EAST: +919447749005, +91 9747600123, +91 9995662305, +91 9446993783, +919446243017, +919544712061
KOZHIKODE NORTH: +919895626691, +919961037934, +919567858078, +919847536497, +919995222000, +919400875558, +919447543832
KOZHIKODE SOUTH: +919895356111, +918547853036, +91 9447753369, +919895311428, +919746560146
WAYANAD: +91 94469 90991, +91 99612 84586, +91 97448 80711, +91 99612 15816, +91 96569 85505
KANNUR: +91 95676 21604, +91 98473 85524, +91 99951 81788, +919567678026, +968 9187 2007, +91 94474 11307, +919746559284
KASARAGOD: +919526749667, +919656322000, +919745438099, +918075011566, +917012577245

Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21

Nerpatham Weekly
Published on
2020 OCTOBER 17

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
**നേർപഥം Quiz**
**MEGA**

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**

**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**

**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**

**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**

**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**

**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**